One Thousand
Malayalam Proverbs.

1868.

Ci
XIV
135

N12<526908882 021
LS
ubTÜBINGEN
8410

ark4

ONE THOUSAND

MALAYALAM PROVERBS

ഒരുആയിരം

പഴഞ്ചൊൽ

SECOND EDITION

MANGALORE
PUBLISHED BY PFLEIDERER & RIEHM
BASEL MISSION BOOK & TRACT DEPOSITORY
1868

8410

വില ൨ അണ.

ONE THOUSAND

MALAYALAM PROVERBS

ഒരുആയിരം

പഴഞ്ചൊൽ

MANGALORE
PRINTED BY STOLZ & REUTHER, BASEL MISSION PRESS
1868

ജ്ഞാനസൂചകം.

ജ്ഞാനമായവൾ വിളിക്കുന്നല്ലയൊ, ബുദ്ധി ശബ്ദിക്കുന്നുവല്ലൊ! അവൾ നിരത്തുകളിലും തെരുവീഥികളിലും നിന്നു പടിവാതിലുകളിലും പട്ടണ പ്രവേശത്തും ഗോപുരദ്വാരത്തും വെച്ച് ആൎത്തു ചൊല്ലുന്നിത് : മനുഷ്യരെ! നിങ്ങളോടു ഞാൻ മൊഴിയുന്നു, നരപുത്രരിലേക്ക് എന്റെ ശബ്ദം ആകുന്നു. മൂഢന്മാരെ, വിവേകത്തെ തിരഞ്ഞുകൊൾവിൻ! പൊട്ടരെ, ബോധഹൃദയമുള്ളവരാകുവിൻ! കേൾപിൻ ഞാൻ ശുഭമുള്ളവ ഭാഷിക്കും നേരുള്ളവററിനായി എന്റെ അധരങ്ങളെ തുറക്കും എന്റെ വായി സത്യം ഉരെക്കും ദോഷമോ എൻ അധരങ്ങൾക്ക് വെറുപ്പു തന്നെ.

UNIV. BIBL. TÜBINGEN

Ci XIV 135.

ഒരു ആയിരം
പഴഞ്ചൊൽ.

൧. **അ**കത്തിട്ടാൽ പുറത്തറിയാം.

൨. അകത്തു കത്തിയും പുറത്തു പത്തിയും.

൩. അകലെ പോന്നവനെ അരികെ വിളിച്ചാൽ അരക്കാത്തുട്ടു ചേതം.

൪. അകൌശലലക്ഷണം സാധനദൂഷ്യം.

൫. അക്കര നിന്നോൻ തോണി ഉരുട്ടി.
(അക്കരെ നില്ക്കുന്ന പട്ടർ തോണിമുക്കി)

൬. അക്കരമാവിലോൻ കെണി വെച്ചിട്ടു എന്നോടൊ ക്രൂരാ കണ്ണുമിഴിക്കുന്നു.

൭. അങ്ങാടിത്തോല്വിയും അമ്മയോടൊ?
(അങ്ങാടീല്തോറ്റാൽ അമ്മയുടെ നേരെ)

൮. അങ്ങില്ലാപ്പൊങ്ങിന്റെ വേർ കിളെക്കാമൊ.

൯. അങ്ങുന്നെങ്ങാൻ വെള്ളം ഒഴുകുന്നതിന്ന് ഇങ്ങുന്നു ചെരിപ്പഴിക്കാമൊ.

൬൦. അച്ഛൻ ആനപ്പാവാൻ എന്നുവെച്ച മകന്റെ ചന്തിക്കും തഴമ്പുണ്ടാമൊ?

൬൧. അഞ്ച് എരുമ കറക്കുന്നത് അയൽ അറിയും; കഞ്ഞി വാൎത്തുണ്ണുന്നത് നെഞ്ഞറിയും.

൬൨. അടക്കയാകുമ്പോൾ മടിയിൽ വെക്കാം, കഴങ്ങായാൽ വെച്ചുകൂടാ.

൬൩. അടികൊള്ളുവാൻ ചെണ്ട, പണം വാങ്ങുവാൻ മാരാൻ.

൬൪. അടിയോളം നന്നല്ല അണ്ണന്തമ്പി.

൬൫. അടിവഴുതിയാൽ ആനയും വീഴും.

൬൬. അട്ട പിടിച്ച മെത്തയിൽ കിടത്തിയാലൊ?

൬൭. അട്ടം പൊളിഞ്ഞാൽ അകത്തു; പാലം മുറിഞ്ഞാൽ ഒഴിവില്ലെ.

൬൮. അട്ടെക്ക് കണ്ണു കൊടുത്താൽ ഉറിയിൽ കലം വെച്ചുകൂടാ.

൬൯. അട്ടെക്ക് പൊട്ടക്കുളം.

൭൦. അണിയലം കെട്ടിയെ ദൈവമാവു.

൭൧. അണ്ണാക്കിലെ തോൽ അശേഷം പോയാലും അംശത്തിൽ ഒട്ടും കുറകയില്ല.

൭൨. അണ്ണാക്കൊട്ടൻ തന്നാൽ ആംവണ്ണം.

൭൩. അണ്ണാടി കാണ്മാൻ കണ്ണാടി വേണ്ട.

൨൪. അതിബുദ്ധിക്ക് അല്പായുസ്സ്.

൨൫. അതിമോഹം ചക്രം ചുമക്കും (ചവിട്ടും)

൨൬. അത്തഞ്ഞാററുതലയും അരചർ കോപവും പിത്തവ്യാധിയും പിതൃശാപവും ഒക്കുവോളം തീരാ.

൨൭. അത്യാശെക്കനൎത്ഥം.

൨൮. അന്നത്തിന്റെ ബലവും ആയുസ്സിന്റെ ശക്തിയും ഉണ്ടെങ്കിൽ മന്നത്താലിങ്കൽ കാണാം.

൨൯. അന്നനു വെട്ടുന്ന വാളിന്നു നെയ്യിടുക.

൩൦. അന്നുതീരാത്ത പണികൊണ്ടു അന്തിയാക്കരുത്.

൩൧. അൻപററാൽ തുമ്പററു.

൩൨. അൻപോടു കൊടുത്താൽ അമൃത്.

൩൩. അപ്പം തിന്നാൽ പോരെ കുഴി എണ്ണുന്നെന്തിന്നു. (അപ്പം തിന്നാൽ മതി കുത്തെണ്ണേണ്ടാ)

൩൪. അഭ്യസിച്ചാൽ ആനയെ എടുക്കാം.

൩൫. അമ്പലം വിഴുങ്ങിക്ക് വാതില്പലക പപ്പടം.

൩൬. അമ്പു കളഞ്ഞോൻ വില്ലൻ; ഓല കളഞ്ഞോൻ എഴുത്തൻ.

൩൭. അമ്പുകമ്പളത്തും വില്ലുശേക്കളത്തും എയ്യുന്ന നായർ പനങ്ങാട്ടു പടിക്കൽ എത്തി.

൩൮. അമ്മ പുലയാടിച്ചി എങ്കിൽ മകളും പുലയാടിച്ചി.

൩൯. അമ്മ ഉറിമേലും പെങ്ങൾ കീഴിലും ഓൾ ഉരലിലും.

൪൦. അമ്മയെ തച്ചാൽ അച്ഛൻ ചോദിക്കേണം; പെങ്ങളെ തച്ചാൽ അളിയൻ ചോദിക്കേണം.

൪൧. അമ്മോച്ചന്നിൽക്കുന്നേടം അമ്മോച്ചനും പശു നില്ക്കുന്നേടം പശുവും നില്ക്കട്ടെ.

൪൨. അംശത്തിലധികം എടുത്താൽ ആകാശം പൊളിഞ്ഞു തലയിൽ വീഴും.

൪൩. അരചനെ കൊതിച്ചു പുരുഷനെ വെടിഞ്ഞവൾക്കു അരചനും ഇല്ല, പുരുഷനുമില്ല.

൪൪. അരചൻ വീണാൽ പട ഉണ്ടൊ?

൪൫. അരണ കടിച്ചാൽ ഉടനെ മരണം.

൪൬. അരണെക്കു മറതി.
(അരണയുടെ ബുദ്ധിപോലെ)

൪൭. അരപ്പലം റൂലിന്റെ കഴെക്ക്.

൪൮. അരികെ പോകുമ്പോൾ അരപ്പലം തേഞ്ഞു പോകും.

൪൯. അരിയും തിന്നു ആശാരിച്ചിയെയും കടിച്ചു പിന്നെയും നായിന്റെ പല്ലിന്നു മൊറുമൊറുപ്പു.

൫൦. അരിയെറിഞ്ഞാൽ ആയിരം കാക്ക.

൫൧. അരിശം വിഴുങ്ങിയാൽ അമൃത്; ആയുധം വിഴുങ്ങിയാൽ ആണല്ല.

൫൨. അരുതാഞ്ഞാൽ ആചാരം ഇല്ല; ഇല്ലാഞ്ഞാൽ ഓശാരവും ഇല്ല.

൮൨. അരെച്ചതു കൊണ്ടു പോയിടിക്കരുതു.

൮൩. അരെച്ചു തരുവാൻ പലരും ഉണ്ടു; കുടിപ്പാൻ താനെയുള്ളു.

൮൪. അൎത്ഥം അനൎത്ഥം.

൮൫. അൎത്ഥമില്ലാത്തവന്നു, (അല്പന്ന്) അൎത്ഥം കിട്ടിയാൽ അൎദ്ധരാത്രിക്കും കുട പിടിപ്പിക്കും.

൮൬. അൎദ്ധം താൻ അൎദ്ധം ദൈവം.

൮൭. അറിയാത്തവന്നു ആന പടൽ.

൮൮. അറിയുന്നോരൊടു പറയേണ്ടു; അറിയാത്തോരൊടു പറയരുത്.

൮൯. അറുക്കാൻ ൧൦൦൦ കൊട്ടക്കുല്യം പോററാൻ ഒന്നിനെ കൊട്ടക്കരുതൊ.

൯൦. അറുത്തിട്ട കോഴി പിടെക്കുമ്പോലെ.

൯൧. അലക്കുന്നോൻെറ കഴുത പോലെ.

൯൨. അലന്നാൽ അമ്മെക്കപരാധിക്കാമൊ?

൯൩. അല്ലലുള്ള പുലയിക്ക് നുള്ളിയുള്ള കാടു പറയേണ്ടാ.

൯൪. അവൻ പത്താൾക്ക് ഒരു മെത്ത.

൯൫. അശ്വിനിദേവന്മാർ വന്നാൽ സാധിക്കും.

൯൬. അഷ്ടാംഗഹൃദയഹീനന്മാർ ചികിത്സിക്കും ചികിത്സയിൽ മഞ്ഞൾ എല്ലാം വയമ്പായി കൎപ്പൂരം കൊട്ടവേരിയായി.

൧൮. അള (ഏറ) കുത്തിയാൽ ചേരയും കടിക്കും.
(അളമുട്ടിയാൽ ചേരയും തിരിഞ്ഞു)

൧൯. അഴകുള്ള ചക്കയിൽ ചുളയില്ല.

൨൦. ആക്കി കണ്ടയിൽ വാഴ കുലെക്കയില്ല.

൨൧. ആച്ച് നോക്കിയെ കുച്ചു കെട്ടാവു.

൨൨. ആടറിയുമൊ അങ്ങാടിവാണിഭം?

൨൩. ആടാചാക്യാൎക്ക് അണിയൽ പ്രധാനം.

൨൪. ആട്ടു മേഞ്ഞ കാട്ടു പോലെ.

൨൫. ആട്ടുടാട്ടും കാടാകാ; അരചൻ ഊടാട്ടും നാടാകാ.

൨൬. ആട്ടും മുട്ടിയാൽ (നിന്നാൽ) കൊട്ടാട്ടത്തിൽ.

൨൭. ആട്ടുന്നവനെ നെയ്യാൻ ആക്കിയാൽ കാൎയ്യമൊ?

൨൮. ആന കൊടുക്കിലും ആശ കൊടുക്കരുത്.

൨൯. ആനക്കൊമ്പും വാഴക്കൊമ്പും രണ്ടും ശരിയൊ.

൩൦. ആനനടത്തവും കുതിരപ്പാച്ചലും ശരി.

൩൧. ആനയില്ലാതെ ആറാട്ടൊ.

൩൨. ആനയുടെ പുറത്ത് ആനക്കാരൻ ഇരിക്കുമ്പൊൾ
നായി കരെച്ചാൽ അവൻ എത്ര പേടിക്കും?

൩൩. ആനയുടെ യുദ്ധം ഇരുമ്പിന്നു മരണം.

൩൪. ആനെക്ക് കുതിര തെരിക.

൩൫. ആനെക്ക് ചക്കര പന.

൩൬. ആനക്ക് മണികെട്ടേണ്ടാ.

൮൭. ആമാടെക്ക് പുഴുത്തുള നോക്കുന്നവൻ.

൮൮. ആയിരം ഉപദേശം കാതിലെ ചൊന്നാലും അപശബ്ദം അല്ലാതെ പുറപ്പെട്ടുകയില്ല.

൮൯. ആയിരം കണ്ടി കരപ്പാട്ടമുണ്ടു; അന്തിക്കരെപ്പാൻ തേങ്ങാപ്പിണ്ണാക്കു.

൯൦. ആയിരം കണ്ണു പൊട്ടിച്ചെ അര വൈദ്യനാകും.

൯൧. ആയിരം കാക്കെക്ക് പാഷാണം ഒന്നെ വേണ്ടു.

൯൨. ആയിരം കാതം എട്ടുത്ത് അരക്കാതം ഇഴെക്കൊല്ലാ.

൯൩. ആയിരം കാൎയ്യക്കാരെ കാണുന്നതിനേക്കാൾ ഒരു രാജാവെ കാണുന്നതു നല്ലു.

൯൪. ആയിരം പഴഞ്ചൊൽ ആയുസ്സിന്നു കേടല്ല; ആയിരം പ്രാക്കൽ ആയുസ്സിന്നു കേട്ടു.

൯൫. ആയിരം പുത്തിക്കു നെഞ്ചിന്നു പാറ, നൂറു പുത്തിക്ക് ഈൎക്കിലും കൊക്കിപി, ഏക ബുദ്ധിക്ക് തിത്തികമമ്മാ.

൯൬. ആയിരം വാക്ക് അരപ്പലം തൂങ്ങാ.

൯൭. ആയെങ്കിൽ ആയിരം തേങ്ങ; പോയെങ്കിൽ ആയിരം തൊണ്ടു.

൯൮. ആരാനെ ആറാണ്ടു പോററിയാലും ആരാൻ ആരാൻ തന്നെ.

൯൯. ആരാന്റെ അപരാധം വാരിയന്റെ ഊരമേൽ.

൧൦൦. ആരാന്റെ കുട്ടിയെ ആയിരം മുത്തിയാലും ഒന്നു പൊത്തിക്കൂടാ.

൧൦൧. ആരാന്റെ പല്ലിനേക്കാൾ തന്റെ നൊണ്ണു നല്ലു.

൧൦൨. ആരും ഇല്ലാഞ്ഞാൽ പട്ടർ; ഏതും ഇല്ലാഞ്ഞാൽ താൾ.

൧൦൩. ആറു നാട്ടിൽ നൂറു ഭാഷ.

൧൦൪. ആററിൽ തൂകവിലും അളന്നു തൂകേണം.

൧൦൫. ആലി നാഗ്പ്പുരത്തു പോയ പോലെ.
(ആലിപ്പഴത്തിന്നു അരണകൾ പോലവെ (രന്നു)

൧൦൬. ആലക്കൽനിന്നു പാൽ കുടിച്ചാൽ വീട്ടിൽ മോർ ഉണ്ടാകയില്ല.

൧൦൭. ആലെക്ക് വരുന്നേരത്തു മോന്തെക്കടിക്കരുതു.

൧൦൮. ആവല്ക്ക് ആവൽ വിരുന്നു വന്നാൽ അങ്ങെക്കൊമ്പിലും ഇങ്ങെക്കൊമ്പിലും (തൂങ്ങിക്കൊള്ളും).

൧൦൯. ആവുംകാലം ചെയ്യുതു ചാവുംകാലം കാണും.

൧൧൦. ആശ വലിയോൻ അതാവു പെട്ടു പോം.

൧൧൧. ആശാരിയുടെ ചേൽ ആദിയും ഒടുവും കഷ്ടം.

൧൧൨. ആസനം മുട്ടിയാൽ അമ്പലം വെണ്ണറമ്പു.

൧൧൩. ആസനത്തിൽ പുൺ അങ്ങാടിയിൽ കാട്ടരുതു.

൧൧൪. ആള വില കല്ലു വില.

൧൧൫. ആൾ ഏറ ചെല്ലുൽ താൻ ഏറ ചെല്ലുക.

൧൧൬ ആൾക്കള സഹായം മരത്തിന്നു വേർ.

൧൧൭. ആഴമുള്ള കുഴിക്ക് നീളമുള്ള വടി.

൧൧൮. ആഴം (ആക) മുങ്ങിയാൽ കുളിരില്ല.

൧൧൯. ഇക്കര നിന്നു നോക്കുമ്പോൾ അക്കര പച്ച.

൧൨൦. ഇടല ചുടലക്കാകാ; ശൂദ്രന് ഒട്ടും ആകാ.

൧൨൧. ഇടി കേട്ട പാമ്പു പോലെ.

൧൨൨. ഇടി വെട്ടിയ മരം പോലെ.

൧൨൩. ഇണയില്ലാത്തവന്റെ തുണ കെട്ടൊല്ലാ.

൧൨൪. ഇണയില്ലാത്തവനോടു ഇണ കൂടിയാൽ ഇണ ഒമ്പതും പോകും പത്താമതു താനും പോകും.

൧൨൫. ഇരന്നു മക്കളെ പോററിയാൽ ഇരപ്പുത്തരം പോകയില്ല.

൧൨൬. ഇര വിഴുങ്ങിയ പാമ്പു പോലെ.

൧൨൭. ഇരിക്കുന്ന അമ്മമാരുടെ വാതിൽ പോലെ.

൧൨൮. ഇരിക്കുമ്മുമ്പെ കാൽ നീട്ടൊല്ല.

൧൨൯. ഇരിങ്ങപ്പാറ പൊന്നായാൽ പാതി ദേവക്കു.

൧൩൦. ഇരിപ്പിടം കെട്ടിയെ പടിപ്പുര കെട്ടാവു.

൧൩൧. ഇരിമ്പു കടിച്ച വെള്ളം തേക്കുമൊ?

൧൩൨. ഇരിമ്പുപാര വിഴുങ്ങി, ചുക്കുവെള്ളം കുടിച്ചാൽ ദഹനം വരുമൊ?

൧൩൩. ഇരിമ്പുരസം കുതിര അറിയും; ചങ്ങല രുചി ആന അറിയും.

൧൩൪. ഇരിമ്പും തൊഴിലും ഇരിക്കെ കെടും.

൧൩൫. ഇരുതോണിയിൽ കാൽ വെച്ചാൽ നടുവിൽ കാണാം.

൧൩൬. ഇരുത്തിയെ വെച്ചതു പോലെ.

൧൩൭. ഇരുന്ന മരം മുറിച്ചാൽ താൻ അടിയിലും മരം മേലും.

൧൩൮. ഇരുന്നുണ്ടവൻ രുചി അറിയാ, കിളെച്ചുണ്ടവൻ രുചി അറിയും.

൧൩൯. ഇരുന്നെടുത്തുനിന്ന എഴുനീററില്ല എങ്കിൽ രണ്ടും അറികയില്ല.

൧൪൦. ഇറച്ചി ഇരിക്കെ തുവൽ പിടെക്കരുത്.

൧൪൧. ഇറച്ചിക്ക് പോയൊൻ വിറച്ചിട്ടും ചത്തു; കാത്തിരുന്നൊൻ നണച്ചിട്ടു ചത്തു.

൧൪൨. ഇറച്ചിതിന്മാറുണ്ടു എല്ലു കോത്തു കഴുത്തിൽ കെട്ടാറില്ല.

൧൪൩. ഇല്ലത്തില്ലെങ്കിൽ കോലൊത്തും ഇല്ല.

൧൪൪. ഇല്ലത്തു നല്ലതിരിക്കുവാൻ പോകയില്ല.

൧൪൫. ഇല്ലത്തു പഴയരി എങ്കിൽ, ചെന്നേടത്തും പഴയരി.

൧൪൬. ഇല്ലത്തു പെൺപെററപൊലെ ഇരിക്കുന്നത് എന്തു?

൧൪൭. ഇല്ലത്തേക്ക് എഴുപത്തഞ്ചും കെട്ടും.

൧൪൮. ഇല്ലത്തെ പുക്ഷി ഉണ്ണിയുടെ ഊരകൊണ്ടറിയാം.

൧൪൯. ഇല്ലത്തെ പൂച്ച പോലെ.

൧൫൦. ഇല്ലാത്തവക്ക് ആമാടയും പൊന്നു.

൧൫൧. ഇഷ്ടമല്ലാപ്പെണ്ണു തൊട്ടതെല്ലാം കുററം.

൧൫൨. ഇഷ്ടം മുറിപ്പാൻ അൎത്ഥം മഴ.

൧൫൩. ഇളന്തച്ച കഴിയാട്ടയാകരുത്.

൧൫൪. ഇളമാൻ കടവറിയാ; മുതുമാൻ ഓട്ടം വല്ലാ.

൧൫൫. ഇളമ്പക്കത്തോട്ടിൽ നായി കയറിയതു പോലെ.

൧൫൬. ഇളിച്ചവായന്നു അപ്പം കിട്ടിയതു പോലെ.

൧൫൭. ൟഞ്ചെക്ക് പുണ്ണു കാട്ടല്ല; പിള്ളെക്ക് നൊണ്ണു കാട്ടല്ല.

൧൫൮. ൟത്തപ്പഴം പഴുക്കുമ്പോൾ, കാക്കെക്ക് വായ്പുണ്ണു.

൧൫൯. ൟർ എടുത്തെങ്കിൽ, പേൻ കൂലിയൊ?

൧൬൦. ൟററ മായൻ നേടിയതു ചക്കരമായൻതിന്നു.

൧൬൧. ൟററെടുപ്പാൻ പോയ ആൾ ഇരട്ട പെററു.

൧൬൨. ൟഴത്തെ കണ്ടവർ ഇല്ലം കാണുകയില്ല.

൧൬൩. ഉ കണ്ടാ എനിക്കാ തേങ്ങ മുല്ലപ്പള്ളിക്കും.

൧൬൪. ഉക്കത്തു പുണ്ണുള്ളവൻ ഊതൽ കടക്കുമൊ?

൧൬൫. ഉടുപ്പാൻ ഇല്ലാത്തൊൻ എങ്ങിനെ അയലിന്മേലിടും.

൧൬൬. ഉണ്ട ഉണ്ണി ഓടിക്കളിക്കും ഉണ്ണാത്ത ഉണ്ണി ഇരുന്നു കളിക്കും.

൧൬൭. ഉണ്ട ചോററിൽ കല്ലിടരുത്.

൧൬൮. ഉണ്ടവൻ അറികയില്ല; ഉണ്ണാത്തവൻെറ വിശപ്പു.

൧൱൯. ഉണ്ടവന്നു പായികിട്ടാഞ്ഞിട്ടു, ഉണ്ണാത്തവന്നു ഇല കിട്ടാഞ്ഞിട്ടു.

൧൱൰. ഉണ്ട വീട്ടിൽ കണ്ടു കെട്ടരുതു.

൧൱൰൧. ഉണ്ണിയെ കണ്ടാൽ ഊരിലെ പഞ്ഞം അറിയാം.

൧൱൰൨. ഉണ്ണുമ്പോൾ ഓശാരവും ഉറക്കത്തിൽ ആചാരവും ഇല്ല.

൧൱൰൩. ഉണ്മാൻ ഇല്ലാഞ്ഞാൽ വിത്തു കുത്തി ഉണ്ണാം; ഉടുപ്പാൻ ഇല്ലാഞ്ഞാൽ പട്ടുടുക്ക.

൧൱൰൪. ഉണ്ണൊരെ ഭാഗ്യം ഉഴത്തേടം കാണാം.

൧൱൰൫. ഉത്സാഹം ഉണ്ടെങ്കിൽ അത്താഴം ഉണ്ണാം.

൧൱൰൬. ഉന്തിക്കയററിയാൽ ഊരിപ്പോരും.

൧൱൰൭. ഉപകാരം ഇല്ലാത്ത ഉലക്കെക്കു രണ്ടു തലക്കും ചുററു കെട്ടുന്നതിനേക്കാൾ തൻെറ കഴുത്തിൽ കല്ലു കെട്ടി കിണററിൽ ചാടി ചാകുന്നതു ഏററ നല്ലു.

൧൱൰൮. ഉപ്പിൽ ഇട്ടതു ഉപ്പിനേക്കാൾ പുളിക്കയില്ല.

൧൱൰൯. ഉപ്പു തിന്നാൽ തണ്ണീർ കുടിക്കും.

൧൱൨൰. ഉപ്പു പുളിക്കിലും മൊട്ട ചതിക്കും.

൧൱൨൰൧. ഉമി കുത്തി പുക കൊണ്ടു.

൧൱൨൰൨. ഉരലിന്നു മുറിച്ചാലെ തുടിക്ക കണക്കാവു.

൧൱൨൰൩. ഉരല്ക്കീഴിൽ ഇരുന്നാൽ കുത്തു കൊള്ളും.

൧൱൨൰൪. ഉരൽ ചെന്നു മദ്ദളത്തോടു അന്യായം.

൧൮൫. ഉലക്കെക്ക് മുറിച്ച കുറുവടിയായി.

൧൮൬. ഉള്ളതു പറഞ്ഞാൽ ഉറിയും ചിരിക്കും.

൧൮൭. ഉള്ളവന്റെ പൊൻ കപ്പാൻ ഇല്ലാത്തവന്റെ പാര വേണ്ടു.

൧൮൮. ഉള്ളിൽ വജ്രം, പുറമെ പത്തി. (൨)

൧൮൯. ഊക്കറിയാതെ തുള്ളിയാൽ ഊര രണ്ടു മുറി.

൧൯൦. ഊട്ടു കേട്ട പട്ടർ, ആട്ടു കേട്ട പന്നി.

൧൯൧. ഊണിന്നും കളിക്കും (ഉഗ്രാണത്തിന്നും) മുമ്പു; പടെക്കും കടെക്കും ചളിക്കും നടു നല്ലു.

൧൯൨. ഊനങ്ങൾ വന്നാൽ ഉപായങ്ങൾ വേണം.

൧൯൩. ഊന്നു കലെക്കയില്ല.

൧൯൪. ഊമരിൽ കൊഞ്ഞൻ സൎവ്വജ്ഞൻ.

൧൯൫. ഊർ അറിഞ്ഞവനെ ഓല വായിക്കാവു.

൧൯൬. ഊരാൾ ഇല്ലാത്ത മുക്കാൽവട്ടത്തു താറും വിട്ടു നിരങ്ങാം.

൧൯൭. ഊരാളിക്ക് വഴിതിരിച്ചതു പോലെ.

൧൯൮. ഊർ വിട്ട നായിന്നെ പോലെ.

൧൯൯. എടുത്ത പേററിയെ മറക്കൊല്ലാ.

൨൦൦. എടുത്തു ചാടിയ പൂച്ച എലിയെ പിടിക്കയില്ല.

൨൦൧. എണ്ണി എണ്ണി കുറുകുന്നിതായുസ്സും; മണ്ടി മണ്ടി കരേറുന്നു മോഹവും.

൨൦൨. എണ്ണിയ പയറ് അളക്കെണ്ട.

൨൦൩. എണ്ണത്തിരിക്കൊൽ പുരയുടെ കല്ലും മണ്ണും എല്ലാം തിന്നിട്ടു എനിക്ക് പിത്തം പിടിച്ചില്ല; ഇനി ഈ കൊട്ടടക്കായുടെ നുറുക്ക തിന്നാൽ പിടിക്കുമൊ?

൨൦൪. എമ്പ്രാൻെറ വിളക്കത്തു വാരിയൻെറ അത്താഴം പോലെ.

൨൦൫. എരിച്ചൊൻ കൊഴ പറിച്ചെന്നാക്കരുത്.

൨൦൬. എരുമക്കിടാവിന്നു നീന്തം പഠിപ്പിക്കെണ്ട.

൨൦൭. എറുമ്പിന്നു ഇറവെള്ളം സമുദ്രം.

൨൦൮. എലി നിരങ്ങിയാൽ പിട്ടം തഴകയില്ല.

൨൦൯. എലി, പന്നി, പെരിച്ചാഴി, പട്ടരും വാനരൻ തഥാ ഇവർ ഐവരും ഇല്ലെങ്കിൽ മലയാളം മഹോത്സവം.

൨൧൦. എലിപ്പുലയാട്ടിന്നു മലപ്പുലയാട്ടു.

൨൧൧. എലി പിടിക്കും പൂച്ച കലം ഉടെക്കും.

൨൧൨. എലിയെ ചിററിച്ചു ഇല്ലം ചുട്ടാൽ എലി ചാടിയും പൊം, ഇല്ലം വെന്തും പൊം.

൨൧൩. എല്ലാംഗർഭവും പെററു ഇനി കടിഞ്ഞു ഗർഭവും പെറെണ്ടു.

൨൧൪. എല്ലാ ഭഗവതിയും വെളിച്ചപ്പെട്ടു മപ്പിരിച്ചിപ്പൊതിയെ ഉള്ളു വെളിച്ചപ്പെടാൻ.

൨൧൫. (എല്ലാ മാരയാനും തണ്ടിന്മേൽ ചങ്കരമാരയാൻ തൊണ്ടിന്മേൽ.)

എല്ലാമാരയാന്നും പീശ്ശാങ്കത്തി ചങ്കരമാരയാന്നു പൃച്ചക്കുട്ടി.

൨൧൬. എല്ലാരും തേങ്ങാ ഉടെക്കുമ്പോൾ, ഞാൻ ഒരു തൊണ്ട് എങ്കിലും ഉടെക്കേണം.

൨൧൭. എല്ലു മുറിയ പണീതാൽ പല്ലു മുറിയ തിന്നാം.

൨൧൮. എലിയോരെ കണ്ടാൽ എള്ളും തുള്ളും.

൨൧൯. എള്ളു ചോരുന്നതു കാണും തേങ്ങാ തല്ലുന്നതറിയുന്നില്ല.

൨൨൦. എള്ളോളം തിന്നാൽ എള്ളോളം നിറയും.

൨൨൧. എഴുന്ന ഊക്കിന്നു തുള്ളിയാൽ ഊര രണ്ടു മുറി. (൧൮൯)

൨൨൨. ഏകൽ ഇല്ലാഴ്കയാൽ ഏശിയില്ല.

൨൨൩. ഏക്കം കൊടുത്തിട്ട് ഉമ്മട്ടം വാങ്ങുക.

൨൨൪. ഏക്കററത്തിന്നു നാക്കററതു.

൨൨൫. ഏങ്ങുന്ന അമ്മെക്ക് കരെക്കുന്ന അച്ഛൻ.

൨൨൬. ഏടെക്കും മൊഴെക്കും ചുങ്കം ഇല്ല.

൨൨൭. ഏട്ടിൽ കണ്ടാൽ പോരാ; കാട്ടിക്കാണേണം.

൨൨൮. ഏതാനും ഉണ്ടെങ്കിൽ ആരാനും ഉണ്ടു.

൨൨൯. ഏറ കിഴക്കോട്ട് പോയാൽ പനി പിടിക്കും.

൨൩൦. ഏറ ചിത്രം ഓട്ടപ്പെട്ടും.

൨൩൧. ഏറ പറയുന്നവൻെറ വായിൽ രണ്ടു പണം.

൨൩൨. ഏറ വലിച്ചാൽ കോടിയും കീറും.

൨൩൩. ഏറ വെളുത്താൽ പാണ്ടു.

൨൩൪. ഏറി പോയാൽ കോരിക്കൂടാ.

൨൩൫. ഏറിയതും കുറഞ്ഞതും ആകാ.

൨൩൬. ഏറും മുഖവും ഒന്നൊത്തു വന്നു.

൨൩൭. ഒട്ടും ഇല്ല്യാത്ത ഉപ്പാട്ടിക്ക് ഒരു കണ്ടം കൊണ്ടാലും പോരെ.

൨൩൮. ഒത്തതു പറഞ്ഞാൽ ഉറിയും ചിരിക്കും (൨൪൯)

൨൩൯. ഒന്നുകിൽ കളരിക്ക് പുറത്തു; അല്ലെങ്കിൽ കരിക്കളെ നെഞ്ഞത്തു.

൨൪൦. ഒന്നു കൊട്ടുത്താൽ ഇരട്ടിക്കും ഇക്കാലം.

൨൪൧. ഒരു കൊമ്പു പിടിക്കിലും പുളിങ്കൊമ്പു പിടിക്കേണം.

൨൪൨. ഒരു തൊഴുത്തിൽ മുളയുന്ന പശുക്കൾ കുത്തുന്നതും വടിക്കുന്നതും അയൽ അറിയാ.

൨൪൩. ഒരുത്തനായാൽ ഒരുത്തി വേണം.

൨൪൪. ഒരുത്തനും കരുത്തനും വണ്ണത്താനും വളിഞ്ചിയനും കൃഷിയരുത്.

൨൪൫. ഒരുത്തനെ പിടിക്കുകിൽ കരുത്തനെ പിടിക്കേണം.

239 ഒന്നുകിൽ [illegible] അല്ലെങ്കിൽ കരിക്കാ പുറത്തു

൨൪൬. ഒരു ദിവസം തിന്ന ചോറും കളിച്ച കളവും മറക്കരുത്.

൨൪൭. ഒരുമ ഉണ്ടെങ്കിൽ ഉലക്ക മേലും കിടക്കാം.

൨൪൮. ഒരു ഓല എടുത്താൽ അകവും പുറവും വായിക്കേണം.

൨൪൯. ഒരു വേനല്ക്കു ഒരു മഴ.

൨൫൦. ഒററ മരത്തിൽ കുരങ്ങു പോലെ.

൨൫൧. ഒററെക്കു ഉലക്ക; കാക്കാൻ പോയോൻ ക്രുക്കട്ടെ.

൨൫൨. ഒലിപ്പിൽ കുഴിച്ചിട്ട തറി പോലെ.

൨൫൩. ഒഴുകുന്ന തോണിക്കു ഒർ ഉന്തു.

൨൫൪. ഓടം മാടായ്ക്കു പോകുമ്പോൾ, ഓലക്കെട്ടു വെറെ പോകേണമൊ.

൨൫൫. ഓടം വണ്ടിയിലും, വണ്ടി ഓടത്തിലും.

൨൫൬. ഓടുന്നതിന്റെ കുട്ടി പറക്കും.

൨൫൭. ഓട്ടുകാരന്നു പാട്ടും ചേരുകയില്ല.

൨൫൮. ഓണം അടുത്ത ചാലിയന്റെ ഓട്ടം (കൂട്ടു.)

൨൫൯. ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന്നു കുമ്പിളിൽ കഞ്ഞി.

൨൬൦. ഓമനപ്പെണ്ണു പണിക്കാകാ.

൨൬൧. ഓലക്കണ്ണിപ്പാമ്പു കൊണ്ടു പേടിപ്പിക്കേണ്ടാ.

൨൬൨. ഓല കളയാതെത്താൻ നാടു കളയും (൩൩).

൧൩൨. ഓലപ്പുരെക്കും ഓട്ടുപുരെക്കും സ്ഥാനം ഒന്നു.

൧൩൩. ഓൎത്തവൻ ഒരാണ്ടു; പാൎത്തവൻ ൧൨ ആണ്ടു (൧൧൭)

൧൩൪. കക്കുവാൻ പഠിച്ചാൽ ഞേലുവാൻ പഠിക്കേണം.
(കക്കുവാൻ തുടങ്ങിയാൽ നില്ക്കാൻ പഠിക്കേണം.)

൧൩൫. കക്കാൻ പോകുമ്പോൾ ചിരിക്കല്ല.

൧൩൬. കച്ചിട്ടിറക്കിയും കൂടാ, മധുരിച്ചിട്ടു തുപ്പിയും കൂടാ.

൧൩൭. കടച്ചിച്ചാണകം വളത്തിനാക.

൧൩൮. കടച്ചിയെ കെട്ടിയേടം പശു ചെല്ലും.

൧൩൯. കടന്നക്കൂട്ടിന്നു കല്ലെടുത്തു എറിയുമ്പോലെ.

൧൪൦. കടപ്പുറം കിടക്കുമ്പോൾ കാല്ക്കൂത്തൽ കിടക്കേണമെ.

൧൪൧. കടം വാങ്ങി ഇടം ചെയ്യല്ല.

൧൪൨. കടം വീടിയാൽ ധനം.

൧൪൩. കടലിൽ കായം കലക്കിയതു പോലെ.

൧൪൪. കടിക്കുന്നതു കരിമ്പു, പിടിക്കുന്നത് ഇരിമ്പു.

൧൪൫. കടിഞ്ഞാണില്ലാത്ത കുതിര ഏതിലെയും പായും.

൧൪൬. കട്ടു കീറി കായ്ക്കും; ആന കൊണ്ടു ഓശാരം.
(കട്ടു കീറി കണക്കു് ആന കെട്ടി ഓശാരം).

൧൪൭. കട്ടു ചോരുന്നതു കാണും ആന ചോരുന്നതു കാണാ. (൧൫൦)

൧൪൮. കട്ടുമ്പിരി കയർ അറുക്കും.

കടപ്പം കാലപ്പം നിന്നിട്ടേറി മടക്കുഴിയിൽ മറിക്കും [illegible]

൨൮൦. കട്ടുതു ചുട്ടു പോകും.

൨൮൧. കട്ടവനോടു കട്ടാൽ മൂന്നു മൂളൽ.

൨൮൨. കട്ടി കൂട്ടിയാൽ കമ്പിയും ചെല്ലും.

൨൮൩. കട്ടിൽ ചെറുതെങ്കിലും കാൽ നാലു വേണം.

൨൮൪. കട്ടെറുമ്പു പിടിച്ച് ആസനത്തിൻ കീഴിൽ വെക്കു ന്നതു പോലെ.

൨൮൫. കട്ടോനെ കാണാഞ്ഞാൽ കണ്ടവനെ പിടിച്ചു ക ഴുവേററും.

൨൮൬. കണ്ടതെല്ലാം കൊണ്ടാൽ കൊണ്ടതെല്ലാം കടം.

൨൮൭. കണ്ടം കൊണ്ടവനെ പിണ്ടം വെക്കും.

൨൮൮. കണ്ട മീൻ എല്ലാം കറിക്കാകാ.

൨൮൯. കണ്ടറിയാഞ്ഞാൽ കൊണ്ടറിയും.

൨൯൦. കണ്ടാൽ അറിയാം കൊണ്ടാൽ കൊടുക്കുന്നതു.

൨൯൧. കണ്ടിമുഖത്തു മീൻ അടുത്ത പോലെ.

൨൯൨. കണ്ടിയിരിക്കെ മതിൽ തുള്ളരുത്.

൨൯൩. കണ്ണു ചിമ്മി ഇരുട്ടാക്കി.

൨൯൪. കണ്ണു പോയാൽ അറിയാം കണ്ണിന്റെ കാഴ്ച.

൨൯൫. കണ്ണെത്താക്കുളം, ചെന്നെത്താ വയൽ, നഞ്ഞും നാ യാട്ടും മറുമരുന്നില്ലാത്ത ആന്തയും.

൨൯൬. കണ്ണോടു കൊള്ളേണ്ടതു പുരികത്തൊടായ്പോയി.

൨൯൭. കത്തിവാളോടു ചോദിച്ചിട്ടൊ കാടു വയക്കുക.

൯൮. കത്തുന്ന തീയിൽ നെയി പകരുമ്പോലെ.

൯൯. കമ്പത്തിൽ കയറി ആയിരം വിദ്യ കാട്ടിയാലും സമ്മാനം വാങ്ങുവാൻ താഴിൽ വരേണം.

൧൦൦. കമ്പിളിക്കുണ്ടൊ കറ?

൧൦൧. കയ്യിലിന്നു തക്ക കണ.

൧൦൨. കയ്യന്റെ കൈയ്യിൽ കത്തി ഇരുന്നാൽ കടവഴി കുററിക്കു നാശം.

൧൦൩. കയ്യാടി എങ്കിലെ വായാട്ടം.

൧൦൪. കയ്യിൽ കൊട്ടത്താൽ കള്ളനും കക്കാ.

൧൦൫. കയ്യൂക്കുള്ളവൻ കാൎയ്യക്കാരൻ.

൧൦൬. കരണത്തിന്നു ചേൎന്നതു കൈ മുറി.

൧൦൭. കരയടുക്കുമ്പോൾ തുഴയിട്ടുകളയല്ലെ!

൧൦൮. കരയുന്ന കുട്ടിക്കെ പാൽ ഉള്ളു.

൧൦൯. കരിക്കട്ട കഴുകുന്തോറും കറുക്കും.

൧൧൦. കരിമ്പിൻ തോട്ടത്തിൽ ആന കടന്ന പോലെ.

൧൧൧. കരിമ്പിന്നു കമ്പു ദോഷം.

൧൧൨. കരിമ്പെന്നും ചൊല്ലി വേരോളം ചവെക്കല്ല.

൧൧൩. കരുത്തിന്നു ഊകാരം ഗുരുത്വം.

൧൧൪. കൎക്കടഞ്ഞാററിൽ പട്ടിണി കിടക്കുന്നതു പുത്തരി കഴിച്ചാൽ മറക്കാരുത.

൧൧൫. കറിക്കു പോരാത്ത കണ്ടം നറുക്കല്ല.

൩൧൬. കററയും തലയിൽ വെച്ച് കളം ചെത്തരുതു.

൩൧൭. കററെക്ക് താൾപിടി പണയമൊ?

൩൧൮. കലത്തിൽ നിന്നു പോയാൽ കഞ്ഞിക്കലത്തിൽ.

൩൧൯. കല്പന തന്നെ പോരാ കലിവിൽ നിനവും വേണം.

൩൨൦. കളിയും ചിരിയും ഒപ്പരം കഞ്ഞിക്ക് പോകുമ്പോൾ, വെവ്വേറെ.

൩൨൧. കള്ളത്തി പശുവിന്നു ഒരു തട്ട (മുട്ടി) തുള്ളിച്ചി പെണ്ണിന്നു ഒരു കുട്ടി.

൩൨൨. കള്ളിയിൽ കുത്തി കൈ എടുത്ത പോലെ.

൩൨൩. കള്ളു കണ്ട ഈച്ച പോലെ.

൩൨൪. കഴുത അറിയുമൊ കുങ്കുമം.

൩൨൫. കഴുതയെ തേച്ചാൽ കുതിരയാകുമൊ?

൩൨൬. കാകൻെറ കഴുത്തിൽ മണി കെട്ടിയ പോലെ.

൩൨൭. കാക്കത്തുവൽകൊണ്ടു അമ്പു കെട്ടിയാൽ കാക്കുത്തിലെ കുത്തും.

൩൨൮. കാക്ക നോക്കറിയും; കാട്ടി ആളറിയും.

൩൨൯. കാക്കയും കുയിലും ഭേദമില്ലയൊ?

൩൩൦. കാക്കയുടെ ഒച്ചെക്ക് പേടിക്കുന്നവൾ അൎദ്ധരാത്രിയിൽ തന്നെ ആറു നീന്തും.

൩൩൧. കാക്ക വായിലെ അട്ട ചാകും.

൩൩൨. കാക്കെക്കു ചേക്കിടം കൊടുത്താൽ കാലത്താലെ നാശം.

൩൩൩. കാക്കെക്കു തമ്പില്ല പൊമ്പില്ല.

൩൩൪. കാച്ച വെള്ളത്തിൽ വീണ പൂച്ച പച്ച വെള്ളം കണ്ടാലും പേടിക്കും.

൩൩൫. കാഞ്ഞ ഓട്ടിൽ വെള്ളം പകൎന്ന പോലെ.

൩൩൬. കാടിക്കഞ്ഞിയും മൂടി കുടിക്കേണം.

൩൩൭. കാട്ടു കളഞ്ഞവന്റെ കൈ കൊത്തുമാറുണ്ടൊ?

൩൩൮. കാട്ടിലെ മരം തേവരുടെ ആന എത്തിയവിടത്തോളം വലിക്കട്ടെ, വലിക്കട്ടെ.

൩൩൯. കാട്ടിലെ മുത്തച്ചിയുടെ പശുവിനെ പുലി പിടിച്ചാൽ പുലിക്കു നാട്ടിലും കാട്ടിലും ഇരുന്നൂടാ.

൩൪൦. കാട്ടു കോഴിക്കുണ്ടൊ സങ്ക്രാന്തി?

൩൪൧. കാട്ടുകോഴി വീട്ടുകോഴിയാമൊ?

൩൪൨. കാണം വിറ്റും ഓണം ഉണ്ണേണം.

൩൪൩. കാണാതെ കണ്ട കുശത്തി താൾ എല്ലാം വാരി തുറുത്തി.

൩൪൪. കാണ്മാൻ വന്നവൻ കഴവേറി (൨൭൫.)

൩൪൫. കാതററ പന്നിക്ക് കാട്ടൂടെയും പായാം; കാതററ പെണ്ണിക്കു കാട്ടിലും നില്ലാം.

൩൪൬. കാതററ സൂചിയും കൂട വരാതു.

൩൪൭. കാമം കാലൻ.

൩൪൮. കാരണവൻ കാലം ഒരു കണ്ടി, ഞാങ്കാലം നാലു കണ്ടി.

൩൪൯. കാര മുരട്ടു ചീര മുളെക്കയില്ല; ചീര മുരട്ടു കാര മുളെക്കയില്ല.

൩൫൦. കാരാടൻ ചാത്തൻ നട്ടു പറഞ്ഞ പോലെ.

൩൫൧. കാൎത്തിക കഴിഞ്ഞാൽ മഴയില്ല; കൎണ്ണൻ പട്ടാൽ പടയില്ല.

൩൫൨. കാൎയ്യത്തിന്നു കഴുതക്കാലും പിടിക്കേണം.

൩൫൩. കാൎയ്യം പറയുമ്പോൾ കാലുഷ്യം പറയല്ലെ.

൩൫൪. കാൎയ്യം വിട്ടു കളിക്കല്ല.

൩൫൫. കാറററിയാതെ തുപ്പിയാൽ ചെവിയറിയാതെ കിട്ടും.

൩൫൬. കാററു നന്നെങ്കിൽ കല്ലും പറക്കും.

൩൫൭. കാററു ശമിച്ചാൽ പറക്കുമൊ പഞ്ഞികൾ?

൩൫൮. കാലം നീളെ ചെന്നാൽ നേർ താനേ അറിയാം.

൩൫൯. കാലത്തു തോണി കടവത്തു എത്തും.
(കാലെ തുഴെഞ്ഞാൽ കരെക്കണയും.)

൩൬൦. കാലെ വന്നവൻ കാരണവൻ; വീട്ടിൽ പിറന്നവൻ പുല്ലവൻ.

൩൬൧. കാൽ മേൽ ചവിട്ടല്ല കോമച്ച! കളി കാണേണ്ടു എങ്കിൽ കാണെണ്ടും.

൩൬൨. കാശില്ലാത്തവൻ കാശിക്ക് പോയാലും ഫലമില്ല.

൩൬൩. കിടക്കുന്നതു കാവല്ച്ചാള; സ്വപ്നം കാണുന്നതു മച്ചും മാളികയും.

൩൬൪. കിണാറിൽ വീണ പന്നിക്ക് കല്ലും പാറായും തുണ.

൩൬൫. കിണ്ണം വീണ ഓശയും കേട്ടു.

൩൬൬. കിഴങ്ങു കണ്ടു പണിയൻ ചിരിക്കുമ്പോലെ.

൩൬൭. കീരിയും മൂൎഖനും പോലെ സ്നേഹം.

൩൬൮. കീരിയെ കണ്ടു പാമ്പു പോലെ.

൩൬൯. കുഞ്ഞന്റെ കണ്ണങ്ങമ്മിയുടെ ഉള്ളിലും.

൩൭൦. കുഞ്ഞിയിൽ പഠിച്ചത് ഒഴിക്കയില്ല.

൩൭൧. കടകമലയിന്നു പേറു കിഴിഞ്ഞ് കാണിയാനക്കൊണ്ടി എരയിന്റെ തലയിലൊ?

൩൭൨. കുടത്തിൽ വെച്ച വിളക്കു പോലെ.

൩൭൩. കുടം കമിഴ്ത്തി വെള്ളം പകൎന്നു പോലെ.

൩൭൪. കടൽ വലിയോന്നു ചക്ക.

൩൭൫. കുട്ടമെക്ക് മിതെ കമ്മം ഇല്ല; ആക മുങ്ങിയാൽ ശീതം ഒന്നു (൧൧൮)

൩൭൬. കുടെക്കുടങ്ങിയ വടിയായിരിക്കേണം.

൩൭൭. കുട്ടിക്കരി കൂട്ടിവെക്കേണ്ടാ.

൩൭൮. കുണ്ഡലം ഇല്ലാത്തവർ കാണാത നാടു.

൩൭൯. കുതിരെക്ക് കൊമ്പു കൊടുത്താൽ മലനാട്ടു ഒരുത്തരും വെക്കുകയില്ല.

൩൮൦. കുത്തു കൊണ്ട പന്നി നെരങ്ങും പോലെ.

൩൮൧. കുത്തു കൊള്ളുമ്പുറം കുത്തു കൊള്ളാഞ്ഞാൽ പിത്തം കരേറി ചത്തു പോം.

(കുത്തും തല്ലും ചെണ്ടെക്ക് അപ്പവും ചോറും മാരയാനു, (൧൩).

൩൮൨. കുത്തുവാൻ വരുന്ന പോത്തോടു വേദം ഓതിയാൽ കാൎയ്യമൊ?

൩൮൩. കുനിയൻ മതിച്ചാലും ഗോപുരം ഇടിക്കാ.

൩൮൪. കുന്തം കൊടുത്തു കുത്തിക്കൊല്ലാ.

൩൮൫. കുന്തം പോയാൽ കുടത്തിലും തപ്പെണം.

൩൮൬. കുന്തം മുറിച്ച് ഇട്ടി ആക്കരുത്.

൩൮൭. കുന്നല കോനാതിരിയുടെ പദവിയും ഉള്ളാടൻ ചേന്നന്റെ അവസ്ഥയും.

൩൮൮. കുന്നിക്കുരു കുപ്പയിൽ ഇട്ടാലും മിന്നും.

൩൮൯. കുന്നോളം പൊന്നു കൊടുത്താലും കുന്നിയോളം സ്ഥാനം കിട്ടാ.

൩൯൦. കുപ്പയില്ക്കിടന്നു മാളിക കിനാ കാണും, (൩൬൩).

൩൯൧. കുപ്പയിൽ ഇരുന്നൊൻ മാടം കനാ കാണും.

൩൯൨. കുപ്പ ചിനക്കിയാൽ ഓട്ടക്കലം.

൩൯൩. കുരങ്ങൻ ചത്ത കുറവനെ പോലെ.

൩൯൪. കുരങ്ങിന്നു ഏണി ചാരെല്ല.

൩൯൫. കുരങ്ങിന്റെ കൈയിൽ മാല കിട്ടിയതു പോലെ.

൩൯൬. കുരൾ എത്തും മുമ്പെ തളപ്പ് അറു.

൩൯൭. കുരു ഇരന്ന മലയന്നു ചക്ക കൊടുത്താൽ ഏററമായി.

൩൯൮. കുരുടന്മാർ ആനയെ കണ്ടു പോലെ.

൩൯൯. കരു വറുത്ത ഓടല്ല; ചക്ക പുഴുങ്ങിയ കലമാകുന്നു.

൪൦൦. കുരെക്കുന്ന നായി കടിക്കയില്ല.

൪൦൧. കുരെക്കുന്ന നായിക്ക് ഒരു പൂള് തേങ്ങാ.

൪൦൨. കറിക്കു വെച്ചാൽ മതില്ലെങ്കിലും കൊള്ളെണം.

൪൦൩. കുറിച്ചി വളൎന്നാൽ ആവോലിയോളം.

൪൦൪. കുറുക്കന്നു ആമയെ കിട്ടിയതു പോലെ.

൪൦൫. കുറുക്കൻ കരഞ്ഞാൽ നേരം പുലരുകയില്ല.

൪൦൬. കുരുപ്പ് കണ്ടോത്ത കുരുപ്പ് ഉടുപ്പിൻെറ വിവരം
ഞാൻ അറിയുല്ല.

൪൦൭. കുറെച്ച ഉള്ളതും കഞ്ഞിയോട്ടു പോയി.

൪൦൮. കുലം എളിയവന്നു മനം എളുതു.

൪൦൯. കുലം കെട്ടോനെ ചങ്ങാതിയാക്കല്ല.

൪൧൦. കുലമല്ലാത്തോൻെറ ചങ്ങാത്ത്യം കെട്ടി, ഊരും ഇല്ല;
ഉടലും ഇല്ല.

൪൧൧. കുലയാന തലവൻ ഇരിക്കവെ കുഴിയാന മദിക്കും
കനക്കവെ.

൪൧൨. കുലയാന മുമ്പിൽ കുഴിയാനയെ പോലെ.

൪൧൩. കുളത്തിൽനിന്നു പോയാൽ വലയിൽ; വലയിൽ
നിന്നു പോയാൽ കുളത്തിൽ.

൪൧൪. കുളത്തോടു കോപിച്ചിട്ടു ശൌചിക്കാഞ്ഞാൽ ഊര
നാറുകെ ഉള്ളു.

൪൫൫. കളം കഴിക്കുമ്പോൾ കററി വേറെ പൊരിക്കേണ്ടാ.

൪൫൬. കഴിച്ചിട്ടതിന്നുറപ്പുണ്ടെങ്കിലെ കൊണ്ടച്ചാരിയതു നില്ക്കും.

൪൫൭. കഴിയാന മദിച്ചാൽ തലയാന ആകുമൊ?

൪൫൮. കഴിയാനയുടെ ചേൽ പറയുന്തോറും വഴിയോട്ടു.

൪൫൯. കുഞ്ഞോളം ചെത്തിയാലും ചുള ഒന്നും ഇല്ല.

൪൬൦. കൂട കിടന്നവനെ രാപ്പനിയെ അറിഞ്ഞു കൂടും.

൪൬൧. കൂടം കൊണ്ട് ഒന്നെങ്കിൽ കോട്ടി കൊണ്ടു രണ്ടു.

൪൬൨. കൂട്ടത്തിൽ കൂടിയാൽ കൂക്കിരിയും വമ്പൻ.

൪൬൩. കൂട്ടിൽ ഇട്ട മെരുവിനെ പോലെ.

൪൬൪. കൂറ കപ്പലിൽ (മണ്ണപ്പാട്ടു) പോയ പോലെ.

൪൬൫. കെട്ടിയ മരത്തിന്നു കുത്തരുത്.

൪൬൬. കെട്ടിയിട്ട പട്ടിക്ക് കപ്പയെല്ലാം ചോറു.

൪൬൭. കെട്ടു പാടിന്നു കൊടുത്താൽ മുട്ടിന്നു കിട്ടും.

൪൬൮. ക്ഷേമത്തിന്നു കേടില്ല.

൪൬൯. കേരളം ബ്രാഹ്മണൎക്കു സ്വൎഗ്ഗം, ശേഷം ജാതികൾക്കു നരകം.

൪൭൦. കൈ നനയാതെ മീൻ പിടിക്കാമൊ?

൪൭൧. കൈപ്പത്തടത്തിൽ തവള നില്ക്കേണം.

൪൭൨. കൈപ്പുണ്ണിന്നു കണ്ണാടി (കണ്ണട) വേണ്ടാ.

൪൩൩· കൈയിൽനിന്നു വീണാൽ എടുക്കാം വായിൽനിന്നു വീണാൽ എടുത്തുകൂടാ.

൪൩൪· കൊങ്ങണം വളഞ്ഞത് എന്തു പറ.

൪൩൫· കൊഞ്ചൻ കോത്തു കളവൻ വററു.

൪൩൬· കൊഞ്ചൻ തുള്ളിയാൽ മുട്ടോളം ഏറ തുള്ളിയാൽ ചട്ടിയിൽ.

൪൩൭· കൊടാത്തവനോടു വിടാതിരിക്ക.

൪൩൮· കൊട്ടിലിന്നു കൊട്ടു.

൪൩൯· കൊടുത്ത കൈക്കാശയും കൊണ്ട കൈക്ക് ഭീതിയും. (കൊടുക്കുന്നെടത്താശ; കൊല്ലുന്നെടത്തു പേടി.)

൪൪൦· കൊടുത്തു കൊള്ളേണം വിദ്യ; കോത്തു കെട്ടേണം കച്ച.

൪൪൧· കൊണ്ടോൻ തിന്നോൻ വീട്ടട്ടെ.

൪൪൨· കൊണ്ടവൻ കൊടുക്കും; കൊണ്ടവൻ അഞ്ചും.

൪൪൩· കൊണ്ടാടിയാൽ കുരണ്ടിയും ദൈവം.

൪൪൪· കൊണ്ടാൽ കൊണ്ട പരിച്.

൪൪൫· കൊണ്ടെടത്തു കൊടുക്കാഞ്ഞാൽ രണ്ടെടത്തു കൊടുക്കേണം.

൪൪൬· കൊതിച്ചതു വരാ; വിധിച്ചതെ വരും.

൪൪൭· കൊതു പോകുന്നത് അറിയും ആന പോകുന്നത് അറിയുന്നില്ല, (൨൭൮).

൪൪൮. കൊത്തിക്കൊണ്ടു പറക്കാനും വെച്ചോണ്ടു തിന്മാനും പാടില്ല.

൪൪൯. കൊത്തുന്ന കത്തി പണയത്തിലാക്കൊല്ല.

൪൫൦. കൊന്നാൽ പാപം തിന്നാൽ തീരും.

൪൫൧. കൊമ്പൻ എന്നും ചൊല്ലി, പിടിക്കുമ്പോഴേക്ക് ചെവിയൻ.

൪൫൨. കൊമ്പൻ പോയതു മൊഴെക്കും വഴി.

൪൫൩. കൊമ്പന്റെ മുമ്പാക; വമ്പന്റെ പിമ്പാക.

൪൫൪. കൊമ്പുതോറും നനെക്കേണ്ടാ; മുരട്ടു നനെച്ചാൽ മതി.

൪൫൫. കൊല്ലപ്പെരുവഴി തള്ളെക്ക് സ്ത്രീധനമൊ?

൪൫൬. കൊല്ലുന്ന രാജാവിന്നു തിന്നുന്ന മന്ത്രി.

൪൫൭. **കോ**ടി ഉടുത്തു കളങ്ങര ചെന്നാൽ കൊണ്ടതിൽ പാതി വില.

൪൫൮. കോടി, കോടി, കോടി കൊടുത്താൽ കാണി കൊടുത്ത ഫലം; കോടാതെ ഒരു കാണി കൊടുത്താൽ കോടി കൊടുത്ത ഫലം.

൪൫൯. കോട്ടം പൊളിഞ്ഞാൽ ഭഗവതി പട്ടുവത്തു.

൪൬൦. കോട്ടയിൽ ഉപദേശം അങ്ങാടിയിൽ പാട്ടു.
(കോട്ടയിൽ അകത്തു മന്ത്രം. അ. പ.)

൪൬൧. കോണം കൊടുത്തു പുതപ്പു വാങ്ങി.

൪൱൨. കോന്തല ഇല്ലെങ്കിൽ നാന്തല വേണം.

൪൱൩. കോപത്തിന്നു കണ്ണില്ല.

൪൱൪. കോപിക്കു കുരണ.

൪൱൫. കോരിക്കണ്ട വാഴ യാകാ; ദൂരക്കണ്ട നാരിയാകാ.

൪൱൬. കോൽ ഇവിടെ ഉറെച്ചു; ആലയും ചക്കും ഇനി ഒക്കാനുള്ളു.

൪൱൭. കോളാമ്പിക്ക് തൂക്കിയ ഓട്ടു പോലെ.

൪൱൮. കോഴിക്ക് നെല്ലും വിത്തും ഒക്കും.

൪൱൯. കോഴിയിറച്ചി തിന്നുമാറുണ്ടു; കോഴിപ്പൂ ചൂട്ടുമാറുണ്ടൊ?

൪൱൰. കോഴിമുട്ട ഉടെക്കാൻ കുറുവടി വേണ്ടാ.

൪൱൰൧. ക്ഷേത്രപാപന്നു പാത്രത്തോടെ.

൪൱൰൨. ക്ഷൌരത്തിന്നു തേങ്ങാ കെട്ടത്തയക്കേണം.

൪൱൰൩. ഗതി കെട്ടാൽ പുലി പുല്ലും തിന്നും.

൪൱൰൪. ഗതി കെട്ടാൽ എന്തു ചെയ്യാം? ചാമ എങ്കിലും ചെമ്മൂച്ചി.

൪൱൰൫. ഗുരുക്കളെ നിനെച്ചു കന്തവും വിഴങ്ങേണം.

൪൱൰൬. ഗുരുക്കൾക്കു കൊടുക്കുന്നത് അപ്പം തിന്നാൽ, പലിശെക്ക് കൊള്ളുന്നതു പുറത്തു.
(ഗുരുക്കൾക്ക് വെച്ചതു ചക്ക കൊണ്ടാൽ പലിശക്കുള്ളതു പുറത്തു.)

൪൭൭. ഗുരുവില്ലാത്ത വിദ്യയാകാ.

(ഘടദീപം പോലെ) (൩൭൨.)

൪൭൮. **ച**ക്കയാകുന്ന ചൂന്നു നോക്കുവാൻ.

൪൭൯. ചക്കയോളം കൊത്തിയാലെ ഉലക്കയോളം കാതൽ കിട്ടും.

൪൮൦. ചക്കര കൂട്ടിയാൽ കമ്പിളിയും തിന്നാം, (൨൮൨).

൪൮൧. ചക്കര തിന്നുമ്പോൾ നക്കി, നക്കി; താരം കൊടുക്കുമ്പോൾ മിക്കി, മിക്കി.

൪൮൨. ചക്കര തൊട്ട കൈ നക്കും.

(ചക്കരപ്പാടത്തിൽ കൈയിട്ടാൽ നക്കുകയോ ഇല്ലയൊ?)

൪൮൩. ചക്കരെക്ക് അകവും പുറവും ഒക്കും, (ഇല്ല.)

൪൮൪. ചക്കിക്ക് ചങ്കരൻ; അട്ടെക്ക് പൊട്ടക്കുളം.

൪൮൫. ചക്കിന്റെ മുരട്ടെ കട്ടന്റെ ചേൽ.

൪൮൬. ചക്കെക്ക് തേങ്ങാ കൊണ്ടിട്ടും കൂട്ടെണം.

൪൮൭. ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ടാ.

൪൮൮. ചട്ടിയിലെ പന്നിക്ക് നായാട്ടേണ്ടാ.

൪൮൯. ചണ്ഡാലൻ തീണ്ടിയ പിണ്ണം പോലെ.

൪൯൦. ചത്താൽ തല തെക്കു പോലും വടക്കു പോലും.

൪൯൧. ചത്തു കിടക്കിലും ഒത്തു കിടക്കേണം.

൪൯൨. ചത്തു പോയ ചിററപ്പനു കാണിക്കാമൊ?

൪൯൩. ചത്തോന്റെ വീട്ടിൽ കൊന്നോന്റെ പാട്ടു.

൪൯൪. ചന്തിയില്ലാത്തവൻ ഉന്തിനടക്കും; ചരതമില്ലാത്തവൻ പരതി നടക്കും.

൪൯൫. ചന്ദനം ചാരിയാൽ മീന്നാറി മണക്കുല്ല.

൪൯൬. ചവിട്ടിയാൽ കടിക്കാത്ത പാമ്പില്ല.

൪൯൭. **ചാ**കാത്തത് എല്ലാം തിന്നാം.

൪൯൮. ചാക്യാരുടെ ആസനം പോലെ.

൪൯൯. ചാക്യാരെ ചന്തി; വണ്ണാത്താന്റെ മാറു.

൫൦൦. ചാക്കില്ലാത്തനാൾ ആർ പിറന്നു?

൫൦൧. ചാട്ടത്തിൽ പിഴെച്ച കുരങ്ങു പോലെ.

൫൦൨. ചാൺ വെട്ടിയാൽ മുളം നീളും.

൫൦൩. ചാന്തും ചന്ദനവും ഒരുപോലെ.

൫൦൪. ചാരിയാൽ ചാരിയതു മണക്കും.

൫൦൫. ചാലിയന്റെ ഓടം പോലെ.

൫൦൬. ചാലിയർ തിരുമുല്ക്കാഴ്ച വെച്ച പോലെ.

൫൦൭. **ചി**ന്തയില്ലാത്തവന് ശീതമില്ല.

൫൦൮. ചിരിച്ചോളം ദുഃഖം.

൫൦൯. **ചീ**ങ്കണ്ണനു കോങ്കണ്ണി.

൫൧൦. ചീഞ്ഞ ചോററിന്നു ഒടിഞ്ഞ ചട്ടുകം.

(ചീരമുരട്ടു കാര പൊടിക്കയില്ല. (൩൪൯.)

൫൧൧. **ചു**ട്ടു തല്ലുമ്പോൾ കൊല്ലനും കൊല്ലത്തിയും ഒന്നു.

൫൧൨. ചുണ്ടങ്ങ കൊടുത്തു വഴുതിനിങ്ങ വാങ്ങല്ല.

൫൧൩. ചുമടൊഴിച്ചാൽ ചുങ്കം വീട്ടേണ്ടാ.

൫൧൪. ചുമലിൽ ഇരുന്ന് ചെവി തിന്നരുത്.

൫൧൫. ചുവർ ഉണ്ടെങ്കിലെ ചിത്രം എഴുതിക്കൂട്ടു.

൫൧൬. ചുളയില്ലാത്ത ചക്കയും കട്ടു; ചമ്പാടൻ വഴക്കു ണ്ടായി.

൫൧൭. **ചൂ**ട്ടു കണ്ട മുയലിനെ പോലെ.

൫൧൮. **ചെ**ക്കിപ്പൂവോടു ശൈത്താൻ ചുറഞ്ഞ പോലെ.

൫൧൯. ചെട്ടിക്ക് കള്ളപ്പണം വന്നാൽ കുഴിച്ചു മൂടുകയുള്ളു.

൫൨൦. ചെട്ടിയാന്റെ കപ്പലിന്നു ദൈവം തുണ.

൫൨൧. ചെപ്പിടിക്കാരൻ അമ്പലം വിഴുങ്ങുമ്പോലെ.

൫൨൨. ചെമ്പിൽ അമ്പാഴങ്ങ പുഴുങ്ങി തിന്നിട്ടും ജീവിക്കേണം.

൫൨൩. ചെമ്പെന്നും ചൊല്ലി ഇരുമ്പിന്നു ചോര കളഞ്ഞു. (ഇരുമ്പിന്നു മുഴക്ക് ചോര പോയി)

൫൨൪. ചെറിയോൻ പറഞ്ഞാൽ ചെവിട്ടിൽ പോകാ.

൫൨൫. ചെറുതു കറുതു പണിക്ക് നല്ല വിരുതൻ.

൫൨൬. ചെറുവിരൽ വീങ്ങിയാൽ പെരുവിരലോളം.

൫൨൭. ചെല്ലാത്ത പൊന്നിന്നു വട്ടം ഇല്ല.

൫൱൮. **ചേ**ട്ടെക്ക് പിണക്കവും അട്ടെക്ക് കപ്പക്കവും നല്ലിഷ്ടം.

൫൱൯. ചേമ്പെന്നും ചൊല്ലി വെളിക്കൊ മണ്ണു കയററിയത്.

൫൱൰. ചേര തിന്നുന്ന നാട്ടിൽ ചെന്നാൽ നടുത്തുണ്ടം തിന്നോള്ളു.

൫൱൰൧. ചേറു കണ്ടേടം ചവിട്ടിയാൽ വെള്ളം കണ്ടേടത്തു നിന്നു കഴുകെണം.

൫൱൰൨. ചേററിൽ അടിച്ചാൽ നീളെ തെറിക്കും.

൫൱൰൩. **ചൊ**ട്ടു കൊണ്ടാലും മോതിരക്കൈകൊണ്ടു കൊള്ളേണം.

൫൱൰൪. ചൊറിക്കറിവില്ല.

൫൱൰൫. **ചോ**റങ്ങും കൂറിങ്ങും.

൫൱൰൬. ചോറും കൊടുത്തതാ! കറി പോകുന്നു.

൫൱൰൭. ചോറും വെച്ചു കൈമുട്ടുമ്പോൾ കാക്കച്ചി വരൊൻ. (വരും.)

൫൱൰൮. ചോറുണ്ടാകുമ്പോൾ ചാറില്ല, ചാറുണ്ടാകുമ്പോൾ ചോറില്ല; രണ്ടും ഉണ്ടാകുമ്പോൾ ഞാനില്ല.

൫൱൰൯. **ചേ**ദം വന്നാലും ചിത്രം വേണം.

൫൱൨൰. ജലരേഖ പോലെ.

൪൬൧. ഞെക്കി പഴുപ്പിച്ച പഴം പോലെ.

൪൬൨. ഡില്ലിയിൽ മീതെ ജഗഡില്ലി.

൪൬൩. തകൃതിപ്പുലിശ തടവിന്നാകാ.

൪൬൪. തക്കം എങ്കിൽ തക്കം; അല്ലെങ്കിൽ വെക്കം.

൪൬൫. തക്കവെക്ക് തക്കവണ്ണം പറകൊല്ല.

൪൬൬. തഞ്ചത്തിന്നു വളം വേണ്ടാ.

൪൬൭. തട്ടാൻ തൊട്ടാൽ പത്തിന്നു എട്ടു (എട്ടാൽ ഒന്നു.)

൪൬൮. തല്ക്കാലവും സദൃശവും ഉപ്പു പോലെ.

൪൬൯. തങ്കലം വറ്റി ധൎമ്മം ചെയ്യരുത്.

൪൭൦. തനിക്കല്ലാത്തതു തുടങ്ങരുത്.

൪൭൧. തനിക്കിറങ്ങിയാൽ തനിക്കറിയാം.

൪൭൨. തനിക്ക് ചുടുമ്പോൾ കട്ടി അടിയിൽ.

൪൭൩. തനിക്ക് താനും പുരെക്ക് തൂണും.

൪൭൪. തനിക്ക് വിധിച്ചതെ പുരെക്ക് മീതെ.

൪൭൫. തനിക്കു വേണ്ടുകിൽ എളിയതും ചെയ്യാം.

൪൭൬. തനിക്കൊരു മുറം ഉണ്ടെങ്കിലെ തവിട്ടിന്റെ ഗുണം അറിയും.

൪൭൭. തൻ കാണം തൻ കൈയിൽ അല്ലാത്തൊന്നു ചോട്ട് ഒന്നു.

൪൭൮. തന്നിൽ എളിയതു തനിക്കിര.

൪൭൯. തന്നില്ലം പൊരിച്ച ധനം ഉണ്ടൊ?

൫൬൦. തന്നിഷ്ടത്തിന്നു മരുന്നില്ല.

൫൬൧. തന്നെ കൊല്ലുവാൻ വന്ന പശുവിനെ കൊന്നാൽ ദോഷമില്ല.

൫൬൨. തന്നെത്താൻ അറിയാഞ്ഞാൽ പിന്നെ താൻ അറിയും.

൫൬൩. തന്മേൽ കാച്ചതു മുരട്ടിൽ വീഴും.

൫൬൪. തന്റെ ഒരു മുറം വെച്ചിട്ട് ആരാന്റെ അര മുറം പറയരുത്.

൫൬൫. തന്റെ കണ്ണിൽ ഒരു കോലിരിക്കെ അന്യന്റെ കണ്ണിലെ കരട നോക്കരുത്.

൫൬൬. തന്റെ കൈയെ തലെക്ക് വെച്ചൂടും.

൫൬൭. തന്റെ മിടാകാഞ്ഞിട്ടു ആരാന്റെ കണ്ണാടി പൊളിക്കൊല്ലാ.

൫൬൮. തല മറന്നു എണ്ണ തേക്കരുത്

൫൬൯. തലമുടിയുള്ളവക്ക് രണ്ടു പുറവും തിരിച്ചു കെട്ടാം.

൫൭൦. തലയുള്ളന്നും മൂക്കിലെ വെള്ളം വറുകയില്ല.

൫൭൧. തല വലിയവന്നു പൊത്തിൽ പോയിക്കൂടാ.

൫൭൨. തല്ലു കൊള്ളുവാൻ ചെണ്ട, പണം വാങ്ങുവാൻ മാരാൻ. (൩൨൧.)

൫൭൩. തവള പിടിച്ചു ഗണപതിക്ക് വെച്ചതു പോലെ.

൫൭൪. തവിട്ട തിന്നുമ്പോൾ കുഴൽ വിളിക്കരുത്.

൫൭൫. തവിട്ട തിന്നാലും തകൃതി കളയരുത്.

൫൱൮൰൬· തളികയിൽ ഉണ്ടാലും തേക്കും.

൫൱൮൰൭· തള്ളെക്ക് ചുടുമ്പോൾ കുട്ടി ഇടച്ചവിട്ടും.
(അച്ചിക്ക് പൊള്ളുന്നേരം കുട്ടിയെ പിടിച്ച ചന്തിക്ക് വെക്കും.)

൫൱൮൰൮· താങ്ങോർ ഉണ്ടെങ്കിൽ തളച്ച് ഉണ്ടു.

൫൱൮൰൯· താണ കണ്ടത്തിൽ എഴുന്ന വിള.

൫൱൯൰· താണ നിലത്തെ നീർ ഒഴുകും; അതിനെ ദൈവം തുണ ചെയ്യും.
(താണ പുറത്തെ വെള്ളം നില്ക്കും.)

൫൱൯൰൧· താൻ ആകാഞ്ഞാൽ കൊണാത്തിരിക്ക; പല്ലാകാഞ്ഞാൽ മെല്ലെ ചിരിക്ക.

൫൱൯൰൨· താൻ ഇരിക്കുന്നേടത്തു താൻ ഇരിക്കാഞ്ഞാൽ അവിടെ പിന്നെ നായിരിക്കും.

൫൱൯൰൩· താൻ ഉണ്ണാത്തേവർ വരം കൊടുക്കുമൊ?
(താൻ ഒട്ടേളതായാൽ കൊണാത്തിരിക്കേണം, പല്ലൊട്ടേളതായാൽ മെല്ലെ ചവക്കണം, (൫൱൯൰൧.)

൫൱൯൰൪· താൻ ചത്തു മീൻ പിടിച്ചാൽ ആക്കു കൂട്ടാൻ ആകുന്നു.

൫൱൯൰൫· താൻ ചെന്നാൽ മോർ കിട്ടാത്തെടത്തു നിന്നൊരാളെ അയച്ചാൽ പാൽകിട്ടുന്നു.

൫൱൯൰൬· താന്താൻ കുഴിച്ചതിൽ താന്താൻ.

൫൭൬· താന്തോന്നിക്കും മേത്തോന്നിക്കും പ്രതിയില്ല·

൫൭൭· താന്നോടൊപ്പൊന്നിൻെറ മാറററിയാ·

൫൭൮· താൻ പാതി, ദൈവം പാതി· (൫൬)

൫൭൯· താരം അഴിയാതെ പൂരം കൊള്ളാമൊ?

൫൮൦· താരം കൊണ്ടുരുട്ടിയാൽ ഓടം കൊണ്ടുരുട്ടും·

൫൮൧. താററ മണി പോലെ.

൫൮൨· താളിന്നുപ്പില്ല എന്നും താലിക്കു മുത്തില്ല എന്നും·

൫൮൩· താഴിരിക്കെ പടിയോടു മുട്ടല്ല·

൫൮൪· താഴത്തു വീട്ടിൽ വന്ന വെള്ളിയാഴ്ച മേലെ വീട്ടിലും·

൫൮൫· താഴെ കൊയ്യുവൻ ഏറ ചുമക്കേണം·

൫൮൬· തിണ്ടിന്മേൽ നിന്നു തെറി പറയരുതു·

൫൮൭· തിന്ന വായും കൊന്ന കൈയും അടങ്ങുകയില്ല·

൫൮൮· തിര നീക്കി കടലാടാൻ കഴിയുമൊ?

(തിര അടങ്ങി കുളിക്കാമൊ?)

൫൯൦· തിരുവാക്കെതിർ വായില്ല·

൫൯൧. തീക്കട്ട കഴുകിയാൽ കരിക്കട്ട, (൨൦൮·)

൫൯൨· തീക്കനൽ അരിക്കുന്ന എറുമ്പു കരിക്കട്ട വെച്ചേക്കുമൊ?

൫൯൩· തീക്കൊള്ളിമേലെ മീറു കളിക്കുമ്പോലെ·

൫൯൪· തീയിൽ മുളെച്ചത് വെയിലത്തു ചാകാ·

൩൱൫. തുടങ്ങല്ല മുമ്പെ അതാവതോളം; തുടങ്ങിയാൽ പിമ്പതു കൈവിടല്ല.
(അല്ലാത്തെടത്തിൽ ചെല്ലല്ല; ചെന്നാൽ പിന്നെ പോരല്ല.)

൩൱൬. തുണയില്ലാത്തവൎക്ക് ദൈവം തുണ.

൩൱൭. തുകമ്പോൾ (ഉഴിഞ്ഞു ചാട്ടുമ്പോൾ) വെറുക്കൊണ്ടു.

൩൱൮. തെക്കോട്ടു പോയ കാറു പോലെ; വടക്കോട്ടു പോയ ആളെ പോലെ.

൩൱൯. തെങ്ങുള്ള വളപ്പിലെ തേങ്ങാ കൊണ്ടുപോയിക്കൂടെ?

൩൱൰. തെളിച്ചതിലെ നടക്കാഞ്ഞാൽ നടന്നതിലെ തെളിക്ക.

൩൱൰൧. തേങ്ങാ പത്തരച്ചാലും താളല്ലെ കറി?

൩൱൰൨. തേങ്ങാപ്പിണ്ണാക്കിന്നു പ്രിയം വലിപ്പിക്കേണ്ടാ.

൩൱൰൩. തേവർ ഇരിക്കെ വേദിക്കല്ലിനെ തൊഴേണ്ടാ.

൩൱൰൪. തേവിയാൻ കടിച്ചാലും അന്തിക്കേത്തെ ചോറു മുട്ടും.

൩൱൰൫. തേറിയോനെ മാറല്ല; മാറിയോനെ തേറല്ല.

൩൱൰൬. തോട്ടംതോറും വാഴ, നാട്ടുതോറും ഭാഷ.

൩൱൰൭. തോണി മറിഞ്ഞാൽ പുറം നല്ല.

൩൱൰൮. തോണിയിൽ കടന്നു പാഞ്ഞാൽ കരെക്കണകയില്ല.

൩൱൰൯. തോററ പുറത്തു പടയില്ല.

൩൨൦. ദാനം ചെയ്ത പശുവിന്റെ പല്ലു നോക്കരുത്.

൩൨൧. ദുശ്ശധം ആകിലും കൈക്കൊം; ദുഷ്ടർ നല്കിയാൽ.

൩൨൨. ദുൎജ്ജനസമ്പൎക്കത്താൽ സജ്ജനം കെട്ടും.

൩൨൩. ദുൎബ്ബലന്നു രാജാ ബലം; ബാലക്കു കരച്ചൽ ബലം.

൩൨൪. ദൂരത്തെ ബന്ധുവെക്കാൾ അരികത്തെ ശത്രു നല്ലു.

൩൨൫. ദൈവം ഉള്ളനാൾ മറക്കുമൊ?

൩൨൬. ധൎമ്മടം പിടിച്ചതു കോയ അറിഞ്ഞില്ല.

൩൨൭. ധൎമ്മ ദൈവവും തലമുടിയും തനിക്ക് നാശം.

൩൨൮. ധൂപം കാട്ടിയാലും പാപം പോകാ.

൩൨൯. ധ്യാനമില്ലാഞ്ഞാലും മൌനം വേണം.

൩൩൦. നക്കുന്ന നായിക്ക് സ്വയംഭൂവും പ്രതിഷ്ഠയും ഭേദം ഉണ്ടൊ?

൩൩൧. നഗരത്തിൽ ഇരുന്നാലും നരകഭയം വിടാ.

൩൩൨. നഞ്ഞേററ മീൻ പോലെ.

൩൩൩. നടന്ന കാൽ ഇടറും (ഇരുന്ന കാൽ ഇടറുന്നില്ല.)

൩൩൪. നടന്നു കെട്ട വൈദ്യനും; ഇരുന്നു കെട്ട വേശ്യയും ഇല്ല.

൩൩൫. നനെച്ചിറങ്ങിയാൽ കളിച്ചു കയറും.

൩൩൬. നനെഞ്ഞ കിഴവി വന്നാൽ ഇരുന്ന വിറകിന്നു ചേതം.

൬൩൭· നനെഞ്ഞവനു ഈറൻ ഇല്ല; തുനിഞ്ഞവനു ദുഃഖം ഇല്ല·

൬൩൮· നമ്പി, തുമ്പി, പെരിച്ചാഴി, പട്ടരും, പൊതുവാൾ തഥാ! ഇവർ ദൈവതം ഉള്ളേടം ദൈവമില്ലെന്നു നിൎണ്ണയം (വാൻ·)

൬൩൯· നമ്പൂതിരിക്കെന്തിന്നുണ്ടവല?

൬൪൦· നമ്പോലന്റെ അമ്മ കിണററിൽ പോയ പോലെ; (വെള്ളത്തോടനെ മുതല പിടിച്ചതു പോലെ·)

൬൪൧· നയശാലിയായാൽ ജയശാലിയാകാം·

൬൪൨· നരകത്തിൽ കരുണയില്ല, സ്വൎഗ്ഗത്തിൽ മരണം ഇല്ല·

൬൪൩· നരിക്കുണ്ടോ പശുക്കല?

൬൪൪. നരി നരെച്ചാലും കടിക്കും.

൬൪൫· നരി പെററ മടയിൽ കുറുക്കൻ പെറുകയില്ല·

൬൪൬· നരിയിൻ കയ്യിൽ കടച്ചിയെ പോററുവാൻ കൊടുത്തതു പോലെ·

൬൪൭· നാട്ട വിട്ട രാജാവും ഊർ വിട്ട പട്ടിയും ഒരു പോലെ·

൬൪൮· നാടെനിക്ക് നഗരം എനിക്ക് പകൽ എനിക്ക് വെളിവില്ല·

൬൪൯· നാട് ഓട്ടുമ്പോൾ നടുവെ·

൩൫൦. നാട്ടിലെ വലിയോർ പിടിച്ചാൽ അരുത് എന്ന് പാട്ടുണ്ടൊ?

൩൫൧. നാണം കെട്ടവനെ കോലം കെട്ടും (ഭൂതം കെട്ടി ക്കൂട്ടും.)

൩൫൨. നാഥനില്ലാത്ത നിലത്തു പട ആകാ.

൩൫൩. നായകം പറിച്ച പതക്കം പോലെ.

൩൫൪. നായാട്ടു നായ്ക്കൾ തമ്മിൽ കടിച്ചാൽ പന്നി കുന്നു കയറും.

൩൫൫. നായായി പിറക്കിലും തറവാട്ടിൽ പിറക്കേണം.

൩൫൬. നായി നടുക്കടലിൽ ചെന്നാലും നക്കീട്ടെ കുടിക്കും.

൩൫൭. നായിനെ കാണുമ്പോൾ കല്ല കാണുന്നില്ല.

൩൫൮. നായിൻെറ വാൽ ഓടക്കുഴലിലിട്ടു വലിച്ചാലും നേ രെയാകയില്ല.

൩൫൯. നായി പത്തു പെററിട്ടും ഫലമില്ല; പശു ഒന്നു പെററാലും മതി.

൩൬൦. നാസ്തികത്തിന്നു ധൂപം കാട്ടൊല്ല.

൩൬൧. നാസ്തികത്തിന്നു മേല്ക്കോട്ടം ഉണ്ടെങ്കിൽ നാസ്തിക വും വില പോകും.

൩൬൨. നാററാൻ കൊടുത്താൽ നക്കരുത്.

൩൬൩. നാലാം കരുന്തല നഷ്ടം.

൩൬൪. നാലാൾ പറഞ്ഞാൽ നാടും വഴങ്ങണം.

൬൬൫. **നി**ടിയോൻെറ തലയിൽ വടി.

൬൬൬. നിടുവാൾ പോയാൽ കോട്ടുവാൾ നിടുവാൾ.

൬൬൭. നിടുമ്പന പോയാൽ കുറുമ്പന നിടുമ്പന.

൬൬൮. നിത്യാഭ്യാസി ആനയെ എടുക്കും (മ.൪)

൬൬൯. നിന്ന കന്ന് കഴിക്കല്ല.

൬൭൦. നിൻെറ കെട്ടും എൻെറ കൊത്തും സൂക്ഷിച്ചൊ?

൬൭൧. നിൻെറ വായി കണ്ടാൽ വെളുത്തേടൻെറ അറ തുറന്നതു പോലെ.

൬൭൨. നിറക്കുടം തുളുമ്പുകയില്ല; അരക്കുടം തുളുമ്പും.

൬൭൩. നിലത്തു വെച്ചെ മുഖത്തു നോക്കും.

൬൭൪. നിലാവു കണ്ട നായി വെള്ളം കുടിക്കുമ്പോലെ.

൬൭൫. നിലെക്കു നിന്നാൽ മലെക്കു സമം.

൬൭൬. നിലെക്കു നിന്നാൽ വിലെക്ക് പോകും.

൬൭൭. നിഴലിനെ കണ്ടിട്ടു മണ്ണിന്നടിച്ചാൽ കൈ വേദനപ്പെടുക അല്ലാതെ ഫലം ഉണ്ടൊ?

൬൭൮. **നീ**ചരിൽ ചെയ്യുന്ന ഉപകാരം നീററിലെ വരപോലെ, (൫൪൦) തോണിയുടെ നടുവിൽനിന്നു തുഴയുന്നതു പോലെ.

൬൭൯. നീരൊലി കേട്ടു ചെരിപ്പഴിക്കേണമൊ? (൯.)

൬൮൦. നീർക്കോലിയും മതി അത്താഴം മുടക്കാൻ (൬൧൪).

൬൮൧. നീർ നിന്നേടത്തോളം ചളി (ചേറു കെട്ടും.)

൯൮൧. നീറാലിയിൽ ആറുകാൽ ആകാം.

൯൮൨. നീററിൽ അടിച്ചാൽ കോലെ മുറിയും നീർ എല്ലാം ഒന്നു തന്നെ.

൯൮൩. നുണക്കാതെ ഇറക്കിക്കൂടാ; ഇണങ്ങാതെ പിണങ്ങിക്കൂടാ.

൯൮൪. നുള്ളികൊട്ടു, ചൊല്ലികൊട്ടു, തല്ലികൊട്ടു, തള്ളികളെ.

൯൮൫. നെയി കൂട്ടിയാൽ നഞ്ഞൊറിയും; അകത്തിട്ടാൽ പുറത്തറിയാം.

൯൮൬. നെയ്യപ്പം തിന്നാൽ രണ്ടുണ്ടു ലാഭം; മീടും മിനുക്കാം വയറും നിറയും.

൯൮൭. നെല്ക്കോരിയന്നു മക്കൾ പിറന്നാൽ മക്കടെ മക്കളും നെല്ക്കോരിയർ.

൯൮൮. നെല്ലൊതിയിൽ പുക്ക മൂഷികൻ പോലെ.

൯൯൦. നെല്ലിൽ തുരുമ്പില്ലെന്നും, പണത്തിൽ കള്ളൻ ഇല്ലെന്നും വരുമൊ?

൯൯൧. നെല്ലു പൊലുവിന്നു കൊട്ടത്തെടത്തുനിന്നു അരിവാശ്ശു വാങ്ങല്ല.

൯൯൨. നെല്ലും മോരും കൂട്ടിയതു പോലെ.

൯൯൩. നേടി ഉണ്മാൻ പോയ കൂത്തിച്ചി കണ്ണാടി വിററു.

൯൯൪. നേരെ വന്നാൽ ചുരിക; വളഞ്ഞു വന്നാൽ കടുത്തില.

൯൯൫. നേർ പറഞ്ഞാൽ നേരത്തെ പോകാം.

൯൬. നൊന്തവൻ അന്തം പായും.

൯൭. നോക്കി നടക്കുന്ന വള്ളി കാല്ക്ക് തടഞ്ഞു.

൯൮. പകരാതെ നിറെഞ്ഞാൽ കോരാതെ ഒഴിയും.

൯൯. പകൽ എല്ലാം തപസ്സു ചെയ്തു രാത്രിയിൽ പശുവിൻ കണ്ണു തിന്നും.

൧൦൦. പകൽ കക്കുന്ന കള്ളനെ രാത്രിയിൽ കണ്ടാൽ തൊഴെണം.

൧൦൧. പകൽ കണ്ണുകാണാത്ത നത്തു പോലെ.

൧൦൨. പകൽ വിളക്ക് എന്ന പോലെ.

൧൦൩. പക്ഷിക്കാകാശം ബലം; മത്സ്യത്തിന്നു വെള്ളം ബലം.

൧൦൪. പട കണ്ട കുതിര പന്തിയിൽ അടങ്ങാതു.

൧൦൫. പടയിൽ ഉണ്ടോ കുടയും വടിയും?

൧൦൬. പക്ഷിക്ക് കൂടു; മക്കൾക്ക് അമ്മ.

൧൦൭. പടിക്കൽ കുടം ഇട്ടുടെക്കല്ലെ!

൧൦൮. പടെക്കും അടെക്കും കുടെക്കും ചളിക്കും നടു നല്ലു. (൧൯൧)

൧൦൯. പട്ടുക്കുണ്ടോ പടയും വിനയും; പൊട്ടുക്കുണ്ടോ വാക്കും പോക്കും?

൧൧൦. പട്ടർ പാടു വന്ന പോലെ.

൧൧൧. പട്ടാണി തൊട്ട ആന പോലെ.

൧൧൨. പട്ടുനൂല്യം വാഴനാരും പോലെ.

൧൫൩. പട്ടും വളയും പണിക്കെക്ക് വെട്ടും കുത്തും പലിശെക്ക് (൩൭൫.)

൧൫൪. പണക്കാരൻ ഈററയൻ എന്നും; അഭ്യാസി കുടിലൻ എന്നും കരുതരുതു.

൧൫൫. പണത്തിന്നും മീതെ പരന്തും പറക്കയില്ല.

൧൫൬. പണമരികെ ഞായം മലയരികെ ഉറവു.

൧൫൭. പണമുള്ളവന്നെ മണം ഉള്ളു; (പണമില്ലാത്തവൻ പുല്ലുപോലെ.)

൧൫൮. പണമെ ഗുണം.

൧൫൯. പണം കട്ടിന്മേൽ കുലം കുപ്പയിൽ.

൧൬൦. പണം നോക്കിന്നു് മുഖം നോക്കില്ല.

൧൬൧. പണം, പണം എന്നു പറയുമ്പോൾ പിണവും വായി പിളൎക്കും.

൧൬൨. പണിക്കർ വീണാലും അഭ്യാസം.

൧൬൩. പണിക്കർ വീണാലും രണ്ടുരുളും.

൧൬൪. പണ്ടു കഴിഞ്ഞതും പടയിൽ ചത്തതും പറയേണ്ടാ.

൧൬൫. പണ്ടൊരാൾ പറഞ്ഞ പോലെ.

൧൬൬. പന്നി മുറിച്ചാൽ പന്നിക്കുറക; വാഴുണ്ണി മുറിച്ചാൽ ഉണ്ണിക്കുറക.

൧൬൭. പന്നി മൃത്താൽ കന്നണയും; ആളുമൃത്താൽ കുലം അണയും.

൧൬൮. പന്നിയെ പായും; കടവു ശേഷിക്കും.

൧൨൯. പതം ഉള്ളേടം പാതാളം.

൧൩൦. പരപക്ഷം ചെയ്യോന്നു പരലോകം ഇല്ല.

൧൩൧. പരുത്തിയോളമെ നൂൽ വെളുക്കും.

൧൩൨. പറഞ്ഞാൽ കെൾക്കാത്തവനു വന്നാൽ ഖേദം ഇല്ല.

൧൩൩. പല തുള്ളി പെരു വെള്ളം.

൧൩൪. പലർ ഈമ്പും അണ്ടി തനിക്കെങ്കിൽ തന്റെ പെട്ടകത്താക്കേണം.

൧൩൫. പലരും കൂടിയാൽ പാമ്പും ചാക.

൧൩൬. പല്ലിടുക്കിൽ കുത്തി മണപ്പാൻ കൊടുക്കരുതു.

൧൩൭. പശു കുത്തുമ്പോൾ പഞ്ചാക്ഷരം ഓതിയാൽ പോരാ (൩൮൨.)

൧൩൮. പശു കുത്തുമ്പോൾ മർമ്മം നോക്കരുത്.

൧൩൯. പശു ചത്തിട്ടും മോരിലെ പുളി പോയില്ല.

൧൪൦. പശു ചത്തെടത്തു കഴ എത്തുമ്പോലെ.

൧൪൧. പള്ളിച്ചാനെ കാണുമ്പോൾ കാൽ കടഞ്ഞു.

൧൪൨. പഴഞ്ചൊല്ലിൽ പതിർ ഉണ്ട് എങ്കിൽ പശുവിൻ പാലും കൈക്കും [പഴഞ്ചൊൽ ഒക്കാതിരുന്നാൽ, പശുവിൻ പാലും കൈക്കും.]

൧൪൩. പഴമ്പിലാവില വീഴുമ്പോൾ പച്ചപ്പിലാവില ചിരിക്കവേണ്ടാ.

൧൪൪. പഴക്കാൻ മൂത്താൽ പറിക്കേണം.

൧൬൫· **പാ**ങ്ങർ നന്നെങ്കിൽ പടിക്കൽ ഇരുന്നാലും മതി·

൧൬൬· പാങ്ങർ ഒക്ക പടിക്കലോളം·

൧൬൭· പാഞ്ഞവൻ തളരും·

൧൬൮· പാണൻെറ നായി പോലെ··

൧൬൯· പാപി ചെല്ലുന്നെടം പാതാളം·

൧൭൦· പാമ്പിന്നു പാൽ വിഷം; പശുവിന്നു പുല്ലു പാൽ·

൧൭൧· പാമ്പോടു വേറായ തോൽ പോലെ·

൧൭൨· പാററി തുപ്പിയാൽ പള്ളിയറയിലും തുപ്പാം·

൧൭൩· പാലം കടക്കുവോളം നാരായണ പാലം കടന്നാൽ പിന്നെ കൂരായണ·

൧൭൪· പാലിന്നു പഞ്ചാര·

൧൭൫· പാലു വിളമ്പിയെടത്തു പഞ്ചതാര; മോർ വിളെമ്പിയെടത്തുപ്പു·

൧൭൬· പാളയം പോയ നിരത്തു പോലെ·

൧൭൭· **പി**ടിച്ചതിനെ വിട്ടു പറക്കുന്നതിൻ വഴിയെ പായരുതു.

൧൭൮· പിടിച്ചതു മറന്നിട്ടു മാന്നതു പിടിക്കുമ്മുമ്പെ വശമാക്കെണ്ടതെല്ലാം വശമാക്കേണം·

൧൭൯. പിടിച്ചപ്പോൾ ഞെക്കീടാഞ്ഞാൽ ഇളക്കുമ്പോൾ കടിക്കും·

൧൮൦· പിടിച്ചു വലിച്ചു കുപ്പായം ഇട്ടാൽ പറിച്ചു കീറി പോകും·

൭൬൧. പിണം കണ്ട കഴു പോലെ.

൭൬൨. പിണം ചുട്ടാലും ഋണം ചുടാ.

൭൬൩. പിണ്ണാക്കും കത്തും ഒപ്പം.

൭൬൪. പിലാവിന്റെ കാതൽ പൃതലാകുമ്പോൾ തേക്കിന്റെ ഇളന്തല പച്ച വിടും.

൭൬൫. പിള്ളചിത്തം പീനാറും; നായി ചിത്തം തുണികീറും.

൭൬൬. പിള്ളപ്പണി തീപ്പണി; തള്ളെക്കു രണ്ടാം പണി.

൭൬൭. പിള്ളരെ കൂട കളിച്ചാൽ വീറു കെടും.

൭൬൮. പിള്ളരെ മോഹം പറഞ്ഞാൽ തീരും; മൂരിമോഹം മൂളിയാൽ തീരും.

൭൬൯. പൂത്തൻ പെണ്ണു പുരപ്പുറം അടിക്കും; പിന്നെ പെണ്ണു വെയിച്ചെടം അടിക്കയില്ല.

൭൭൦. പുഞ്ച പുറത്തിട്ടു വേലി കെട്ടുക.

൭൭൧. പുരയില്ലാത്തവനുണ്ടോ തീപ്പേടി?

൭൭൨. പുരവലിപ്പാൻ പറഞ്ഞാൽ ഇറയെ വലിക്കാവു.

൭൭൩. പുരെക്കു മീതെ വെള്ളം വന്നാൽ അതുക്കു മീതെ തോണി.

൭൭൪. പുരെക്കൊരു മുത്തി (തിത്തി) അരെക്കൊരു കത്തി.

൭൭൫. പുലന്ന കുറുക്കനെ പോലെ.

൭൭൬. പുല്ലിട്ട തീയും; പുലയരെ ബാന്ധവവും

൭൭൭. പുല്ലിൽ തൂകിയ നെയി പോലെ.

൭൭൮. പുല്ലു തച്ച നെല്ലിന്നു കീറിയ പായി.

൭൭൯. **പൂ**ച്ച വീണാൽ തഞ്ചത്തിൽ.

൭൮൦. പൂച്ചെക്കു വിളയാട്ടം; എലിക്ക് പ്രാണവേദന (എലിക്കു മുറുക്കം, ചേരെക്കു വിളയാട്ടം.)

൭൮൧. പൂത്തതൊക്ക മാങ്ങയും അല്ല; പെററത് ഒക്ക മക്കളും അല്ല; നേടിയത് എല്ലാം പണവുമല്ല.

൭൮൨. പൂവാഴത്തോട്ടത്തിൽ പേടില്ല.

൭൮൩. പൂളം കൊണ്ടു പാലം ഇട്ടാൽ കാലം കൊണ്ടറിയും.

൭൮൪. **പൃ**ഷ്ടം നന്നെങ്കിൽ മുഖം ആകാ.

൭൮൫. **പെ**ണ്ണൊരുമ്പെട്ടാൽ ബ്രഹ്മനും തടുത്തു കൂടാ.

൭൮൬. പെൺപട, പടയല്ല; മൺചിറ, ചിറയല്ല.

൭൮൭. പെൺപിള്ള എല്ലാവക്കും ഒക്കെ.

൭൮൮. പെരിയോരോടു എളിയോൻ നടു പറയരുതു.

൭൮൯. പെരുവഴി തുവെക്കരമില്ല.

൭൯൦. പെററമ്മെക്ക് ചോറു കൊടുക്കാത്തൊ മുത്താച്ചിക്കരിയളപ്പാൻ?

൭൯൧. പെററവൾ ഉണ്ണുന്നതു കണ്ടു മച്ചി കൊതിച്ചാൽ കാര്യമൊ? (കണ്ടു വറടി കതം പാഞ്ഞാൽ എന്തു ഫലം.)?

൭൯൨. **പേ**ടിക്ക് കാട്ടു ദേശം പോരാ.

൯൩. പേട്ടു മുട്ടെക്ക് പട്ടിണിയിടല്ല.

൯൪. **പൊ**ട്ടൻ പറഞ്ഞതെ പട്ടേരിയും വിധിക്കും.

൯൫. പൊൻ തൂക്കുന്നേടത്തു പൂച്ചെക്കെന്തു? (പൊന്നുരുക്കുന്നേടത്തു.)

൯൬. പൊന്നാരം കത്തിയാൽ അരി ഉണ്ടാകയില്ല.

൯൭. പൊന്നു കാക്കുന്ന ഭൂതം പോലെ.

൯൮. പൊന്നു വെക്കേണ്ടുയിടത്തിൽ പൂവെങ്കിലും വെക്കേണം.

൯൯. പൊന്നു ഒന്നു, പണി പലതു.

൨൦൦. പൊൻ സൂചികൊണ്ടു കുത്തിയാലും കണ്ണു പൊം.

൨൦൧. പൊരുത്തങ്ങളിൽ മനപ്പൊരുത്തം മതി.

൨൦൨. **പോ**കേണ്ടതു പോയാൽ ബുദ്ധിവെക്കും; വേവേണ്ടതു വെന്താൽ തീയും കത്തും.

൨൦൩. പോക്കററാൽ പുലി പുല്ലും തിന്നും (൩൯൩.)

൨൦൪. പോത്തിന്റെ ചെവിട്ടിൽ കിന്നരം വായിക്കുന്നതു പോലെ.

൨൦൫. പോത്തിന്റെ മേൽ ഉണ്ണി കടിച്ചതു പോലെ.

൨൦൬. പോത്തു കൂട വെള്ളം കുടിക്കാത്ത കാലം.

൨൦൭. പോയാൽ പൊറുക്കുവാൻ പൊണ്ണാച്ചിയും മതി.

൨൦൮. പോരുന്നോരെ പോരുമ്മ; പോരാത്താളുടെ ചന്തിമേൽ.

വ്വ൦൯· ബന്ധു ആറു കരയുന്നതിനെക്കാളും ഉടയവൻ ഒ
ന്നു കരഞ്ഞാൽ മതി·
(പാക്കയി വെളുത്താൽ പരുത്തിയോളം·) (൭൬൧·)

വ്വ൧൦· ബാലർ പടെക്കാകാ; ഇളന്തേങ്ങാ കറിക്കാകാ·

വ്വ൧൧· ബാലശാപവും നാരീശാപവും ഇറക്കിക്കൂടാ·

വ്വ൧൨· ഭക്തിയാചെ മുക്തി; യുക്തിയാലെ ഉക്തി·
(ഭയത്താലെ ഭക്തി; നയത്താലെ യുക്തി)·

വ്വ൧൩· ഭണ്ഡാരത്തിൽ പണം ഇട്ടപോലെ·
(ഭിക്ഷെക്ക് വന്നവൻ പെണ്ണിക്കുമാപ്പിള്ള)·

വ്വ൧൪· ഭോജനം ഇല്ലാഞ്ഞാൽ ഭാജനം വേണം·

വ്വ൧൫· മകം പിറന്ന മങ്ക; പൂരാടം പിറന്ന പുരുഷൻ·

വ്വ൧൬· മകരം (മേടം) വന്നാൽ മറിച്ചെണ്ണേണ്ടാ·

വ്വ൧൭· മക്കൾ ഉണ്ടെങ്കിൽ പടെക്കൽ കാണാം·

വ്വ൧൮ മക്കൾക്ക് മടിയിലും മരുമക്കൾക്ക് വളപ്പിലും ച
വിട്ടരുത്·

വ്വ൧൯· മങ്ങലിക്കു പൂളുവെക്കുന്നതു പോലെ·

വ്വ൨൦· മച്ചറിയുമൊ ഈററു നോവു; പൊറാവൾക്കറിയാം
പിള്ളവരുത്തം·

വ്വ൨൧· മഞ്ഞച്ചേര മലന്നു കടിച്ചാൽ മലനാട്ടിൽ എങ്ങും
മരുന്നില്ല·

൮൨൨. മടിയിൽ അരി ഉണ്ടെങ്കിൽ പെങ്ങളെ വീട്ടു ചോദി
ക്കേണമൊ?

൮൨൩. മണ്ണു തിന്നുന്ന മണ്ഡലിയെ പോലെ.

൮൨൪. മത്തൻ പാലിന്നില്ലാത്തതോ പുളിച്ച മോറിന്നു.

൮൨൫. മധുരത്തിൽ ഉത്തമം വാഗ്മധുരം.

൮൨൬. മനകെട്ടി മലയാളൻ കെട്ടു.

൮൨൭. മനസ്സിൽ ചക്കര മത്തക്കയില്ല.

൮൨൮. മനസ്സൊപ്പമായാൽ ഉലക്ക മേലും കിടക്കാം (൨൪൭).

൮൨൯. മനോരഞ്ജ നരജ്ഞന എങ്കിൽ ചാണകക്കുന്തിയും
സമ്മന്തി.

൮൩൦. മരത്തിന്നു വേർ ബലം; മനുഷ്യന്നു ബന്ധു ബലം
(൧൬.)

൮൩൧. മരത്തിന്നു കായി ഘനമൊ?

൮൩൨. മരത്തോക്കിന്നു മണ്ണുണ്ടു.

൮൩൩. മരനോക്കി കൊടിയിടെണം.
(ആളെ നോക്കി പെണ്ണും മരനോക്കി കൊടിയും).

൮൩൪. മരുന്നും വിരുന്നും മൂന്നു നാൾ.

൮൩൫. മറക്കലം, തുറക്കലം, പിന്നെ പനക്കലം, പിന്നെ
യതുപാല്ക്കലം.

൮൩൬. മലയരികെ ഉറവു; പണമരികെ ഞായം (൭൧൬).

൮൩൭. മലയോട്ടു കൊമ്പുകലം ഏറിയല്ല.

൮൩൮. മലൎന്നു കിടന്നു തുപ്പിയാൽ മാറത്തു വീഴും.

൮൩൯. മല്ലൻ പിടിച്ചെടം മൎമ്മം

൮൪൦. മഴയത്തുള്ള എരുമ പോലെ.

൮൪൧. മാങ്ങ വീണാൽ മാക്കീഴ് പാടൊ?

൮൪൨. മാടോടിയ തൊടിക; നാടോടിയ പെൺ.

൮൪൩. മാണിക്കകല്ലു കൊണ്ടു, മാങ്ങ എറിയുന്നുവൊ?

൮൪൪. മാണിക്കകല്ലു പന്തിരാണ്ടു കുപ്പയിൽ കിടന്നാലും മാണിക്കക്കല്ലു തന്നെ.

൮൪൫. മാറാത്ത വ്യാധിക്ക് എത്താത്ത മരുന്നു.

(മീത്തലെ കണ്ടത്തിൽ ഉറവുണ്ടായാൽ താഴെക്കണ്ടത്തിലും വരും.) (൫൯൫).

൮൪൬. മീൻ കണ്ടം വേണ്ടാത്ത പൂച്ച ഉണ്ടൊ?

൮൪൭. മുകന്തായം വളഞ്ഞാൽ (തേററിയാൽ) ൬൪ വളയും. (തെററും).

൮൪൮. മുച്ചെവിട്ടു കേട്ടാൽ മൂലനാശം.

൮൪൯. മുട്ടുണ്ടെങ്കിൽ ഇഷ്ടം പോകും.

൮൫൦. മുട്ടുശാന്തിക്ക് ഏല്പിച്ചാൽ കാശിക്കു പോകാം.

൮൫൧. മുത്തിന്നു കൊണ്ടു ഉപ്പിന്നു വില്ക്കുമൊ?

൮൫൨. മുത്തിന്നു മുങ്ങുന്നേരം അളിയൻ പിടിക്കേണം കയർ.

൮൫൩. മുൻപിൽ പോയിട്ടെല്ലുല്ല; പിന്നെപ്പാഴിൽ തോ
ല്ലുല്ല.

൮൫൪. മുമ്പെ വന്നതൊ കൊമ്പൊ ചെവിയൊ?

൮൫൫. മുൻവില, പൊൻവില.

൮൫൬. മുയൽ ഇളകുമ്പോൾ നായ്ക്കു കാഷ്ഠിപ്പാൻ മുട്ടും.

൮൫൭. മുറിപ്പാട്ടു കൊണ്ടങ്ങു ചെന്നാൽ മുഴുവൻ പാട്ടു കേ
ൾക്കാം. രണ്ടാട്ടും കേൾക്കാം.

൮൫൮. മുറിവൈദ്യൻ ആളെ കൊല്ലും; മുറി ഹജ്ജി ദീൻ
കൊല്ലും.

൮൫൯. മുററത്തു മുല്ലെക്ക് മണം ഇല്ല.

൮൬൦. മുലക്കണ്ണു കടിക്കുമ്പോൾ കവിൾക്കു മിടിക്കേണം.

൮൬൧. മുല വിട്ടു മുല പിടിക്കുന്നതിന്നു മുമ്പിൽ (൭൫൮.)

൮൬൨. മുള നാഴിക്ക് മുറിച്ച പന്തിയിൽ.

൮൬൩. മുളയാകുമ്പോൾ നഖം കൊണ്ടു നുള്ളാം പിന്നെ മഴു
വിട്ടു മുറിച്ചാലും നീങ്ങാ.

൮൬൪. മുളയിൽ അറിയാം വിള.

൮൬൫. മുള്ളിന്മേൽ ഇല വീണാലും ഇലമേൽ മുള്ളു വീണാ
ലും നാശം ഇലെക്ക്.

൮൬൬. മുള്ളു പിടിക്കിലും മുരുക്കനെ പിടിക്കേണം.

൮൬൭. മുഴങ്ങാൻ നില്ക്കുന്ന നായിന്റെ തലയിൽ തേങ്ങാ
പറിച്ചിട്ടാലൊ?

൮൬൮. മൂക്കിന്മേൽ ഇരുന്നു, വായിൽ കാഷ്ഠിക്കരുത്.

൮൬൯. മൂക്കില്ലാത്ത നാട്ടിൽ മുറിമൂക്കൻ മൂപ്പൻ (വമ്പൻ).

൮൭൦. മൂക്കു തൊടുവാൻ നാവു നീളം പോരാ.

൮൭൧. മൂക്കു മുങ്ങിയാൽ മൂവാൾക്കൊ. മുപ്പതിററാൾക്കൊ? (മൂക്കു നനെഞ്ഞാൽ മൂവാൾക്ക് പോലും മുപ്പതിററാൾക്ക് പോലും).

൮൭൨. മൂഢൻ ൨ കൈയിലും ൪ ചിരട്ട പിടിച്ചു പോം.

൮൭൩. മൂത്തോടത്തോളമെ കാതൽ ഉണ്ടാകും.

൮൭൪. മൂത്തോർ വാക്കും മുതുനെല്ലിക്കയും മുമ്പിൽ കൈക്കും പിന്നെ മധുരിക്കും.

൮൭൫. മൂന്നൊന്നായാൽ മുക്കൊല പെരുവഴി തുണ.

൮൭൬. മൂരിയൊടു ചോദിച്ചിട്ടു വേണമൊ നുകം വെപ്പാൻ? (മൂഖനെ തിന്നുന്ന നാട്ടിൽ ചെന്നാൽ മൂഖനെ തിന്നെണം. (൫൩൦).

൮൭൭. മൂലം മറന്നാൽ വിസ്മൃതി!

൮൭൮. മൂവർ കൂടിയാൽ മുററം അടിക്കാം.

൮൭൯. മൂളിയ വീട്ടിൽ തിക്കു പോകരുത്.

൮൮൦. മെല്ലെ തിന്നാൽ മുള്ളും തിന്നാം.

൮൮൧. മെല്ലനെ ഒഴുകും വെള്ളം കല്ലിനെ കുഴിയ ചെല്ലും.

൮൮൨. മേടി നോക്കിയാൽ അറിയാം

വ്വന്മ. മേല്പട്ടു മിന്നൽ പോലെ പൊങ്ങി ദേഹിയും കീഴ്പ്പെട്ടു ഓരു പോലെ വീണു ദേഹവും.

വ്വര. മോർ വില്ക്കുന്ന തായെ ഊരിലെ പ്രാവത്യം (പാരവത്യം) എന്തിന്നു?

വ്വദ. മോററിന്നു വന്നോർ പശുവില ചോദിക്കരുത്.

വ്വന്യ. യഥാശക്തി മഹാഫലം.

വ്വ൭. യഥാ രാജാ തഥാ പ്രജാ.

വ്വവ്വ. രണ്ടു തലയും കത്തിച്ചു നടു പിടിക്കല്ല.

വ്വൻ. രാജാവാജ്ഞ് പ്രത്യുത്തരമില്ല.

വ്ൻാ. രാജാവിനോടും വെള്ളത്തോടും തീയോടും ആനയോടും കളിക്കരുതു.

വ്ൻ൧. രാജാവിന്റെ നായായിട്ടല്ലെ എറിഞ്ഞുകൂടാത്തു.

വ്ൻവ. രാജാവില്ലാത്ത നാട്ടിൽ കുടിയിരിപ്പാൻ ആകാ.

വ്ൻന്മ. രാമായണം മുഴവൻ വായിച്ചിട്ടും രാമനു സീത ആർ എന്നു ചോദിക്കും.

വ്ൻര. രാവു വീടാകാ; പകൽ കാടാകാ.

വ്ൻദ. രാവു വീണ കുഴിയിൽ പകലും വീഴുമൊ?

വ്ൻന്യ. ലോകപ്പശുക്കളുടെ കുത്തു സഹിച്ചു കൂട്ടുമൊ?

വ്ൻ൭. ലോകം പാഴായാൽ നാകം പാഴാമൊ?
(ലോകർ എല്ലാം ചത്താൽ ശോകം ചെയ്വാൻ ആർ)?

വ്ൻവ്വ. വക്കടന്ന കലത്തിന്നു കണ മുറിഞ്ഞ കയിൽ.

൮൯. വടി കുത്തിയും പട കാണെണം.

൯൦. വണ്ണാത്താൻ വീട്ടും കളത്രവീട്ടും തനിക്കൊത്തതു.

൯൧. വണ്ണാത്താൻ വീട്ടിൽ ഇല്ലെങ്കിൽ തുണിയുറുപ്പയിൽ വേണം.

൯൨. വന്നറിയാഞ്ഞാൽ ചെന്നറിയേണം.

൯൩. വന്നാൽ എന്തു വരാഞ്ഞാൽ; വരാഞ്ഞാൽ എന്തു വന്നാൽ?

൯൪. വമ്പനോട്ടു വഴക്കു നല്ല.

൯൫. വരെക്കാൻ വരെച്ചു, കരിച്ചതൊ എങ്ങിനെ?

൯൬. വറുത്താൽ കൊറിച്ചു പോകും; കണ്ടാൽ പറഞ്ഞു പോകും.

൯൭. വറേറാന്നും, വല വീതൊന്നും, കട്ടോന്നും, കടം കൊണ്ടോന്നും, ആശവിടാ.

൯൮. വലിയ ആനെക്ക് മണി കെട്ടേണമൊ? (൮൩).

൯൯. വലിയോൻെറ പൊൻ എടുക്കേണം എങ്കിൽ എളിയവൻെറ പാര വേണം.

൧൦൦. വലിയവൻെറ വല്ലം തുറക്കുമ്പോഴെക്ക് എളിയവൻെറ വണ്ണ വലിക്കും.

൧൦൧. വല്ലഭമുള്ളവന്നു പുല്ലും ആയുധം.
(വസ്തു പോയാലെ ബുദ്ധി തോന്നു. (൮൦൨.)

൧൦൨. വളഞ്ഞ കത്തിക്ക് തിരിഞ്ഞ ഉറ.

൯൧൩. വളെച്ചു കെട്ടിയാൽ എത്തി നോക്കും.

൯൧൪. വളപ്പിൽ കൊത്തുന്നതും കഴുത്തിൽ കെട്ടുന്നതും ഒരു പോലെയൊ?

൯൧൫. വഴിമൊഴിയെങ്കിൽ മുരിക്കു ഉരുക്ക് ആം.

൯൧൬. **വാ**ക്കിൽ തോററാൽ മൂപ്പിൽ താഴെണം.

൯൧൭. വാക്കു കൊണ്ടു കോട്ട കെട്ടുക.

൯൧൮. വാക്കു പോക്കക്കും, നെല്ലു് കൊയിലകത്തും.

൯൧൯. വാനം വീണാൽ മുട്ടിടാമൊ?

൯൨൦. വായറിയാതെ പറഞ്ഞാൽ ചെവിയറിയാതെ കൊള്ളും.

(കാറററിയാതെ തുപ്പിയാൽ ചെള്ള അറിയാതെ കൊള്ളും. (൩൯൫).

൯൨൧. വായി ചക്കര കൈ കൊക്കര.

൯൨൨. വായി പോയ കത്തി കൊണ്ടു് ഏതിലെയും വെച്ചു കൊത്താം.

൯൨൩. വായിലെ നാവിന്നു നാണം ഇല്ലെങ്കിൽ തൊണ്ടെക്ക് ശ്രീ ഉണ്ടു. (വയറും നിറയും).

൯൨൪. വാൾ എടുക്കാത്തവൻ വാൾ എടുത്താൽ വാൾ എല്ലാം ചില മീൻ നാറും.

൯൨൫. **വി**നാശ കാലെ വിപരീത ബുദ്ധി ആരാൻെറ കത്തി എന്നെ ഒന്നു കൊത്തി.

൯൨൬· വിരൽ ച്ചട്ട കവിൾ തുളെക്കരുത്·

൯൨൭· വിശക്കാത്തക്കതുണ്ണേണം മറക്കാത്തകതു പറയെണം·

൯൨൮. വിശപ്പിന്നു കറി വേണ്ടാ; ഉറക്കിന്നു പായി വേണ്ടാ.

൯൨൯· വിശ്വസിച്ചോനെ ചതിക്കല്ല; ചതിച്ചൊനെ വിശ്വസിക്കല്ല!

൯൩൦· വിശ്വാസമില്ലാതവൎക്കു കഴുത്തറുത്തു കാണിച്ചാലും കണ്കെട്ടെന്നെ വരും.

൯൩൧· വിഷഹാരിയെ കണ്ട പാമ്പു പോലെ·

൯൩൨· വിളക്കോട്ട പാറിയാൽ ചിറകു കരിയും.

൯൩൩· വിളമ്പുന്നോൻ അറിയാഞ്ഞാൽ വെയിക്കുന്നോൻ അറിയേണം!

൯൩൪· വിളയും വിത്തു, മുളയിൽ അറിയാം (൭൬൪)·

൯൩൫· **വീ**ട്ടിൽ ചെന്നാൽ മോർ തരാത്ത ആൾ ആലെക്കൽ നിന്നു പാൽ തരുമൊ?

൯൩൬· വീട്ടിൽ ചോറുണ്ടെങ്കിൽ വിരുന്നു ചോറുമുണ്ട (൧൪൫)·

൯൩൭· വീണ മരത്തിൽ ഓടിക്കയറും

൯൩൮. വീണാൽ ചിരിക്കാത ചങ്ങാതിയില്ല·
വീണാൽ ചിരിക്കാത്തതു ബന്ധുവല്ല·

൯൩൯· വീശിയ വലെക്ക് അറു കണ്ണ് ഉണ്ടാം.

൯൱൮൰. വീഴുന്ന മൂരിക്ക് ഒരു മുണ്ടു കരി.

൯൱൮൰൧. വീഴും മുമ്പെ നിലം നോക്കേണം.

൯൱൮൰൨. വെച്ചാൽ കുടുമ, ചിരച്ചാൽ മൊട്ട.

൯൱൮൰൩. വെടികൊണ്ട പന്നി പായും പോലെ

൯൱൮൰൪. വെട്ടാത്ത നായക്ക് പൊരിയാത്ത കററി.

൯൱൮൰൫. വെട്ടൊന്നെങ്കിൽ തുണ്ടം രണ്ടു.

൯൱൮൰൬. വെണ്ണീററിൽ കിടന്ന പട്ടി പോലെ.

൯൱൮൰൭. വെററിലെക്കടങ്ങാത്ത അടക്കയില്ല; ആണിന്നടങ്ങാത്ത പെണ്ണില്ല.

൯൱൮൰൮. വെളുത്ത മാരയാൻ ഇഞ്ചി പൊരിച്ചതു മൂലം മാവന്ന പൃക്കം.

൯൱൮൰൯. വെളുത്തേടൻ അലക്കു മാററി, കാശിക്കു പോവാൻ കഴികയില്ല.

൯൱൯൰. വെള്ളം ആകാഞ്ഞാൽ തോണ്ടിക്കുടിക്കേണം; നിലം ആകാഞ്ഞാൽ നീങ്ങി ഇരിക്കേണം.

൯൱൯൰൧. വെള്ളം കണ്ട പോത്തു പോലെ.

൯൱൯൰൨. വെള്ളം വററും പോഴെക്ക് പച്ചോലയിൽ കെട്ടിയ കാക്കയും എത്തി.

൯൱൯൰൩. വെള്ളെരിയിൽ കുറുക്കൻ കയറിയതു പോലെ.

൯൱൯൰൪. വെളിലപ്പുറത്തു വീണ വെള്ളം പോലെ.

൯൱൯൰൫. വേട്ടാളൻ പോററിയ പുഴുവെ പോലെ.

൯൫൬. വേട്ടുവർ പോററിയ നായിനെ പോലെ.

൯൫൭. വേണ്ടിക്കിൽ ചക്ക വേരിന്മേലും കാച്ചും; വേണ്ട എങ്കിൽ കൊമ്പത്തും ഇല്ല.

൯൫൮. വേദം അറിഞ്ഞാലും വേദന വിടാ.

൯൫൯. വേദനെക്കു വിനോദം (വെ. മൊനോതം ചേരാ).

൯൬൦. വേർ കിഴിഞ്ഞു തിരുൽ ഇളക്കി.

൯൬൧. വേററി ആകാഞ്ഞിട്ടു കട്ടി പെണ്ണായി.

൯൬൨. വേല ഒപ്പമല്ലെങ്കിലും വേയിൽ ഒപ്പം കൊണ്ടാൽ മതി.

൯൬൩. വേലിക്കു പുറത്തെ പശുക്കളെ പോലെ.

൯൬൪. വേലി പഞ്ച തിന്നു തുടങ്ങി.
(വെലി വിള തിന്നുമ്പോലെ.

൯൬൫. വേവുന്ന പുരെക്ക് ഊരുന്ന കഴുക്കോൽ ആദായം.

൯൬൬. വേശി മൂത്താൽ കുരങ്ങു.

൯൬൭. വൈദ്യൻ കാട്ടിൽ കയറിയ പോലെ.

൯൬൮. വൈരമുള്ളവനെ കൊണ്ടു ക്ഷൌരം ചെയ്യിക്കു മ്പോലെ.

൯൬൯. വൈശ്രവണൻെറ ദ്രവ്യം പോലെ.

൯൭൦. ശകുനം നന്നായാലും പുലരുവോളം കക്കരുതു.
(കക്കാൻ തരം എന്നു വെച്ച പ. ക.)

൯൭൧. ശവം ചുട്ടവൻ ചാവു കഴിക്കയില്ല.

ൻ൯വ. ശിക്ഷയെ ചൊല്ക്കിലെ ശീലം നല്ലു.

ൻ൯മ. ശീതം നീങ്ങിയവന്നു വാതം കൊണ്ടു ഭയം എന്തു?

ൻ൯ര. ശൂരിമേൽ വാഴ വീണാലും വാഴമേൽ ശൂരി വീണാലും വാഴെക്കു് കേടു. (വൃന്ദ).

ൻ൯ഖ. ശ്രീമാൻ സുഖിയൻ മുടിയൻ ഇരപ്പൻ.
(ശ്വാവിൻെറ വാൽ പന്തീരാണ്ടു കുഴലിൽ ഇട്ടാലും എടുക്കുമ്പോൾ വളഞ്ഞിരിക്കും. (ന്ദവൃ).

ൻ൯ന്ന. സങ്കടക്കോഴിക്കു് പണം ഒന്നു!

ൻ൯൯ സമുദ്രത്തിൽ മുക്കിയാലും പാത്രത്തിൽ പിടിപ്പതെ വരും.

ൻ൯വൃ. സമ്പത്തു കാലത്തു തൈ പത്തു വെച്ചാൽ ആപത്തു കാലത്തു കായ്പത്തു തിന്നാം.

ൻ൯ൻ. സാരം അറിയുന്നവൻ സൎവ്വജ്ഞൻ.

ൻവൃ൦. സാള വരുമ്പോൾ സ്വര വരാ; സ്വര വരുമ്പോൾ സാള വരാ; രണ്ടും കൂടി വരുമ്പോൾ അവസര വരാ.

ൻവൃക. സുഖദുഃഖാദികൾ വെള്ളത്തിൽ ഇട്ട ഉതളങ്ങ പോലെ.
(സുഖത്തിൽ പിന്നെ ദുഃഖം; ദുഃഖത്തിൽ പിന്നെ സുഖം).

ൻവൃവ. സുല്ത്താൻ പക്കീരായാലും പക്കീർ സുല്ത്താനായാലും തരം അറിയിക്കും.

ൻവ്വമ· സൂക്ഷിച്ചു നോക്കിയാൽ കാണാത്തതും കാണാം (കാണാത്തവനും കാണും).

ൻവ്വരു· സൂചി പോയ വഴിക്കെ നൂല്വം പോകും.

ൻവ്വദ· സേതുവിങ്കൽ പോയാലും ശനിപ്പിഴ വിടാതു.

ൻവ്വന്ന· സേവ മുഴുത്തിട്ടു കണ്ടി ഇറങ്ങിക്കൂടാ. (സ്ഥാനത്തെളിയോൻ കൊണത്തിരിക്കേണം (ഉവ്വം.)

ൻവ്വ൭. സ്നേഹം ഒരു തോണി വണ്ടി പോലെ ആകേണം.

ൻവ്വവ്വ. സ്വകാൎയ്യം തിന്നാൽ സൂകരം.

ൻവ്വൻ· സ്വാമിദ്രോഹി വീട്ടിന്നു പഞ്ച മഹാ പാതകങ്ങൾ വാതിൽ.

ൻൻ൦· ഹിരണ്യ നാട്ടിൽ ചെന്നാൽ ഹിരണ്യായ നമഃ

☞ ഈ പുസ്തകത്തിന്റെ ആദ്യത്തിൽ മുമ്പെ അച്ചടിച്ച പുസ്തകത്തിലുള്ള പ്രകാരം ഒരു ആയിരം പഴഞ്ചൊൽ എന്നടിച്ചു പോയി· മുമ്പിൽ അടിച്ച പുസ്തകത്തിൽ ന്ന൭വ്വ· ന്നവ്വൻ എന്ന് തപ്പായി, പത്ത് കുറഞ്ഞ് ആയിരം സംഖ്യയുണ്ടായിരുന്നു. ആ തപ്പ്, പുസ്തകം അടിക്കുമ്പോൾ കണ്ടത് കൊണ്ട് തപ്പിപ്പോയ പത്ത് സംഖ്യ ഇതിൽ ചേൎപ്പാൻ ഇട വന്നിട്ടില്ല· ആയ്ക്കൊണ്ട് ഈ പുസ്തകത്തിൽ തൊള്ളായിരത്തിൽ തൊണ്ണൂറു പഴഞ്ചൊൽ മാത്രമെ ഉള്ളു·

പഴഞ്ചൊൽ ഉപകരിക്കുന്നെങ്കിലും അതിന്റെ ഫലം തല്ക്കാലികം. നിത്യഫലം ജനിപ്പിക്കുന്നത് ദൈവത്തിന്റെ വചനം തന്നെ. സല്ഗതി ആഗ്രഹിക്കുന്നവർ അതിനെ പാരായണം ചെയ്തു കൊൾവിൻ.

“ദൈവവചനം എൻ കാലിന്നു വിളക്കും, എൻ പാതയിൽ
“വെളിച്ചവും തന്നെ; ദുഷ്ടന്മാർ എനിക്ക് കണി വെച്ചു എ
“ങ്കിലും നിന്റെ നിയോഗങ്ങളെ ഞാൻ വിട്ടുഴന്നില്ല. നി
“ന്റെ സാക്ഷ്യങ്ങൾ എൻ ഹൃദയത്തിന്നു ആനന്ദം ആക
“യാൽ ഞാൻ അവറ്റെ എന്നേക്കും എൻ അവകാശമായി
“അടക്കുന്നു. സങ്കീർത്തനം ൱൯.

40

ONE THOUSAND

MALAYALAM PROVERBS

ഒരു ആയിരം

പഴഞ്ചൊൽ

MANGALORE
PRINTED BY STOLZ & REUTHER, BASEL MISSION PRESS
1868